
THE CALICUT TIMES
മലയാളനാട്
Estd in 1979
FREE
Dubai ▸ 2010 ▸ September 1st Week ▸ Volume:2 ▸ Issue:12 ▸ Pages:32 ▸ email:admin@malayalanaadu.com


Chief Editor: M.JoyVerghese
Executive Editors: Mrs.Sheela Paul, Mrs.Jiji Chakola
Editor: C.K.Jacob Joy
Managing Editors: Paul Chakola, Paul Joseph
Design: ziya-hu-zain
Printed and Published by M Joy Verghese and Printed at Premier Offset Prints ,Clt.





03 ക്യാമറക്കു പിന്നിൽനിന്നു മാഞ്ഞത്...


08 ലോകസഭയുടെ, സെക്രട്ടറി ജനറൽ ശ്രീ. പി.ഡി.റ്റി. ആചാരി.


15 Ramadan Greetings


22 യൂത്ത് ഒളിമ്പിക്സ്: പ്രണോയ് താരം


■ കവർസ്റ്റോറി

# സാമ്പത്തിക വ്യവഹാരങ്ങൾക്ക് മാർഗനിർദേശം നൽകി ഇന്ത്യൻ കോൺസുലേറ്റ്



### ഓപൺ ഫോറത്തിലെ വിദഗധോപദേശങ്ങൾ

- ക്രഡിറ്റ് കാർഡുകൾ ദൈനംദിന പർച്ചേസിംഗിന് ഉപയോഗിക്കരുത്.
- പരിധിയിലധികം സംഖ്യയുടെ പർച്ചേസിംഗും ക്രെഡിറ്റ് കാർഡിൽ നടത്തരുത്.
- പരസ്യങ്ങളിൽ ആകർഷിക്കപ്പെട്ട് രണ്ടാമത് ആലോചിക്കാതെ ക്രഡിറ്റ് കാർഡ് ഉപയോഗിക്കരുത്.
- അത്യാവശ്യങ്ങൾ തിരിച്ചറിഞ്ഞു മാത്രം ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുക.
- ക്രെഡിറ്റ് കാർഡിലെ ബാധ്യത ഏറ്റവും ആദ്യം തീർക്കുക.
- ക്രെഡിറ്റ് കാർഡിൽ എപ്പോഴും കുറച്ചു പണം ബാക്കി വെക്കുക.
- പ്രതിമാസ പണമടക്കൽ രീതി ക്രഡിറ്റ് കാർഡ് വഴി നടത്തരുത്.
- ക്രഡിറ്റ് കാർഡ് ലിമിറ്റിന്റെ 25 മുതൽ 30 ശതമാനം വരെ എപ്പോഴും സൂക്ഷിക്കുക.
- ക്രഡിറ്റ് കാർഡിലെ വ്യവസ്ഥകളും പലിശനിരക്കും നേരത്തേ മനസ്സിലാക്കുക.
- പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ വിശദമായി പഠിക്കുക.

സ്വന്തം ലേഖകൻ

ദുബൈ: അശ്രദ്ധമായ സാമ്പത്തിക ഇടപാടുകളിലൂടെയും വിരുതൻമാരാൽ കബളിപ്പിക്കപ്പെട്ടും നിയമക്കുരുക്കുകളും മാനസിക സംഘർഷങ്ങളും അനുഭവിക്കുന്നവർക്ക് ആശ്വാസവും കരുതലും ശ്രദ്ധയും പാലിക്കാനുള്ള നിർദേശങ്ങളും അറിയിച്ച് കൊടുത്ത ഓപൺ ഫോറം ശ്രദ്ധേയമായി. ഇന്ത്യൻ കോൺസുലേറ്റ് സംഘടിപ്പിച്ച സാമ്പത്തിക ഓപൺ ഫോറത്തിൽ നിരവധിയാളുകളാണ് സംശയനിവാരണത്തിനും ഉപായങ്ങളാരായാനുമായി എത്തിയത്. സാമ്പത്തിക പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും ആഴം വ്യക്തമാക്കുന്നതുകൂടിയായിരുന്നു ഓപൺ ഫോറത്തിലെ പങ്കാളിത്തം.

സാമ്പത്തിക വിദഗ്ധർക്കു പുറമേ, മനഃശാസ്ത്രജ്ഞർ, കൗൺസിലർമാർ, നിയമജ്ഞർ തുടങ്ങിയവരും മറുപടി പറയുന്നതിനും നിർദേശങ്ങൾ നൽകാനുമായി പങ്കെടുത്തു. ക്രഡിറ്റ് കാർഡുകളുടെയും ബേങ്ക് ഓഫറുകളുടെയും മായിക ലോകത്ത് അകപ്പെട്ട് സാമ്പത്തിക കുരുക്കിലകപ്പെട്ടവരാണ് ഓപൺ ഫോറത്തിലെത്തിയവരേറെയും. കരുതലില്ലാത്ത കൈകാര്യങ്ങളാണ് ഇവരെ അപകടത്തിൽപെടുത്തിയത്. വൻ കുരുക്കിലകപ്പെട്ട 52കാരൻ അതിൽനിന്നും മുക്തി നേടുന്നതിനുള്ള ഉപായം തേടിയാണെത്തിയത്. ഒരു ഡസനിലധികം ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ചതിനു പുറമേ ബേങ്ക് ലോണുകളുമെടുത്ത മോഹൻകുമാർ എന്നു പേരുള്ള ഇയാൾക്ക് 80,000 ദിർഹം ഇപ്പോൾ ബാധ്യതയുണ്ട്. ടെക്നീഷ്യനായി ജോലി ചെയ്യുന്ന ഇയാൾ



മൂന്നു പതിറ്റാണ്ടു കാലം ജോലി ചെയ്തുണ്ടാക്കിയ സമ്പാദ്യംകൂടിയാണിത്.

സമാനമായ സാമ്പത്തിക കുരുക്കിലകപ്പെട്ട ഒരു സ്ത്രീയും മകളും ഓപൺ ഫോറത്തിലെത്തി അവർക്ക് അതിൽനിന്നു രക്ഷപ്പെടാനുള്ള മാർഗവുമായി ആശ്വാസത്തോടെയാണ് തിരിച്ചു പോയത്. പലപ്പോഴും നല്ല നിർദേശങ്ങളും ഉപദേശങ്ങളും ലഭിക്കാത്തതാണ് പ്രതിസന്ധികൾക്കു കാരണമാകുന്നതെന്ന് ഓപൺ ഫോറത്തിനു നേതൃത്വം കൊടുത്ത വിദഗ്ധർ പറഞ്ഞു. ഫോറത്തിൽ പങ്കെടുത്ത വിദഗ്ധ പാനലിന്റെ നിർദേശങ്ങൾ കേൾക്കാൻ കഴിഞ്ഞതിലൂടെ തനിക്ക് വളരെ ആത്മവിശ്വാസം ലഭിച്ചതായി ഒരു സ്ത്രീ പറഞ്ഞു. മാസങ്ങൾക്കു മുമ്പേ ഇത്തരമൊരു അവസരം ലഭിച്ചിരുന്നുവെങ്കിൽ തനിക്ക് ഈ പ്രതിസന്ധിയിലകപ്പെടേണ്ടി വരുമായിരുന്നില്ലെന്നും അവർ പറഞ്ഞു. അപകടത്തിൽ ഭർത്താവ് മരിച്ചതിനെത്തുടർന്ന് ബിസിനസ് തകർന്നതാണ് അവരുടെ പ്രതിസന്ധിക്കു കാരണമായത്.

ഇന്ത്യൻ ഇസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് അലുംനി അസോസിയേഷനിലെ സാമ്പത്തിക വിദഗ്ധർ ഓപൺ ഫോറത്തിൽ സന്നദ്ധ സേവനം നടത്തി. ക്രെഡിറ്റ് കാർഡുകളും ബേങ്ക് ലോണുകളും സൃഷ്ടിക്കുന്ന കുരുക്കുകൾ വിദഗ്ധർ ഓപൺ ഫോറത്തിൽ പങ്കെടുത്തവർക്ക് ഉപദേശിച്ചു. ■

Total money transfer solutions...
Demand Drafts
Bank Transfers
Foreign Exchange
Instant Money Transfers
www.uaeexchange.com
UAEXCHANGE®
Service is our Currency


Festival of 22
Celebration of Gold
22-ാം തീയതിയിലെ 22 ഭാഗ്യശാലികളിൽ ഒരാളാകൂ...
100% ക്യാഷ് ബാക്ക് ഓഫർ
ആകർഷകമായ ക്യാഷ് ഡിസ്ക്കൗണ്ടുകൾ
നിരവധി സമ്മാനങ്ങൾ
ഒപ്പം മറ്റു വിസ്മയങ്ങളും
എല്ലാ മാസവും 22-ാം തീയതി ലക്ഷങ്ങളുടെ ക്യാഷ്
പ്രൈസുകളും മറ്റു സമ്മാനങ്ങളും!
VALUE 100% GUARANTEED
22-ാം തീയതി സ്കൈ ജ്വല്ലറിയിൽ നിന്ന് മാത്രം 22 കാരറ്റ് സ്വർണാഭരണങ്ങൾ വാങ്ങുമ്പോൾ മുകളിൽ പറയുന്ന ആകർഷക സമ്മാനങ്ങൾ നേടാൻ അവസരം
നിങ്ങളുടെ പർച്ചേസിനു ശേഷം നിങ്ങളുടെ പേരും, പ്രായവും, ഇൻവോയ്സ് നമ്പറും, ബ്രാഞ്ച് ലൊക്കേഷനും +97150-4647480 എന്ന നമ്പറിലേയ്ക്ക് എസ്.എം.എസ് ചെയ്യുക.
ജി.സി.സി.യിലേയും ഇന്ത്യയിലേയും എല്ലാ സ്കൈ ഔട്ട്ലെറ്റുകളിലും ഈ ഓഫർ ലഭ്യം. * മാസം തോറുമുള്ള ഓഫറുകളിൽ മാറ്റം വരാവുന്നതാണ്.
* വ്യവസ്ഥകൾ ബാധകം.
30 Years
SKY JEWELLERY
DESIGNED FOR GENERATIONS
CHENGANNUR 0479-2452285 TIRUVALLA 0469-3051001
SINCE 1978 UAE QATAR KUWAIT OMAN BAHRAIN INDIA

# ക്യാമറക്കു പിന്നിൽനിന്നു മാഞ്ഞത് യു എ ഇ -യുടെ ചരിത്രം പകർത്തിയ ഛായാഗ്രാഹകൻ

സ്വന്തം ലേഖകൻ

ദുബൈ: ഒരു രാജ്യത്തിന്റെ വളർച്ചയുടെ നിർണായക കാലത്തെയപ്പാടെ പകർത്തുക, അതും ഔദ്യോഗിക പരിവേഷത്തോടെ ഭരണാധികാരികൾക്കൊപ്പം നടന്നും ഇരുന്നും യാത്ര ചെയ്തും. ഏതാനും ദിവസം മുമ്പ് ക്യാമറക്കണ്ണുകളിൽ നിന്ന് കണ്ണെടുത്ത് ഭൗതികജീവിതത്തോടു വിട പറഞ്ഞ റോയൽ ഫോട്ടോ ഗ്രാഫർ നൂർ അലി റാശിദിനെ (80) ഈ ദേശം ഓർക്കുക രാജ്യചരിത്രത്തിന്റെ ഭാഗമായിട്ടായിരിക്കുമെന്നു തീർച്ച. രാജ്യത്തിന്റെ ഓരോ ചലനങ്ങളും മൂന്നു പതിറ്റാണ്ടുകൾ കൊണ്ട് ലോകശ്രദ്ധയിലേക്ക് എമിറേറ്റിനെ വളർത്തിയ യു എ ഇ ഭരണാധികാരികളുടെ വികസനവേഗത്തിനൊപ്പം സഞ്ചരിച്ച് ഓരോ ഘട്ടവും തന്റെ ക്യാമറക്കണ്ണുകൾ കൊണ്ട് ഒപ്പിയെടുക്കുകയായിരുന്നു നൂർ അലി.

30 ലക്ഷം ചിത്രങ്ങളാണ് പതിറ്റാണ്ടു കാലത്തെ തന്റെ ഫോട്ടോഗ്രഫി ജീവിതത്തിനിടെ നൂർ അലി റാശിദ് എന്ന പാക്കിസ്ഥാൻ സ്വദേശി പകർത്തി വെച്ചത്. പുതിയ ഓരോ തലമുറക്കും ഇതായിരുന്നു ലോകം എന്നും ഇതായിരുന്നു യു എ ഇ എന്നും നൂർ അലിയുടെ ചിത്രങ്ങൾ ഇനി പറഞ്ഞുകൊടുത്തുകൊണ്ടിരിക്കും. ഫോട്ടോഗ്രഫി ഭ്രാന്ത് അവസാനിപ്പിച്ചെ തൊഴിലെടുത്തു ജീവിക്കാൻ പഠിക്കട്ടേ എന്ന ഉദ്ദേശ്യത്തോടെയാണ് നൂർ അലിയെ പിതാവ് പാക്കിസ്ഥാനിൽനിന്നും യു എ ഇയിലേക്ക് അയച്ചത്. എന്നാൽ, ഇവിടെ അദ്ദേഹത്തിന് കുറേക്കൂടി സ്വതന്ത്രമായ അവസരമാണ് തുറന്നു കിട്ടിയത്. ഒരു പക്ഷേ, ലോകശ്രദ്ധ നേടിയ ഒരു ഫോട്ടോരാജാവാകാൻ പാത തുറന്നതും പിതാവിന്റെ ഈ യാത്രയയപ്പായിരിക്കാം. യു എ ഇ രാഷ്ട്രപിതാവ് ശൈഖ് സായിദ് ബിൻ സുൽത്താൻ അൽ നഹ്യാന്റെ റോയൽ ഫോട്ടോഗ്രാഫറായി ഔദ്യോഗിക ഫോട്ടാജീവിതം ആരംഭിച്ചതോടെ നൂർ അലി റാശിദ് യഥാർഥത്തിൽ ഒരു ഇതിഹാസമാകുകയായിരുന്നു. നഹ്യാൻ കുടുംബത്തിന്റെയും രാജ്യത്ത് ഏഴു എമിറേറ്റുകളിലെ ഭരണാധികാരികളുടെയും ഔദ്യോഗിക ഫോട്ടോഗ്രാഫറാകാൻ ലഭിച്ച അപൂർവ സൗഭാഗ്യവും നൂർ അലിക്കു സ്വന്തം.

ഫോട്ടോഗ്രാഫി കമ്പം തലക്കുപിടിച്ച നൂർ അലിയുടെ ഈ രംഗത്തേക്കുള്ള കടന്നു വരവിനെക്കുറിച്ച് അദ്ദേഹം തന്നെ പറയുന്നു, "സ്റ്റുഡിയോ ഫോട്ടോഗ്രാഫർമാരിൽനിന്നും ഫോട്ടോ എടുക്കുന്നതിനെക്കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ ചോദിച്ചു മനസ്സിലാക്കിയ എനിക്ക് ഫോട്ടോയെടുക്കുന്നതിൽ കമ്പം മൂർഛിച്ചു. തുടർന്ന് ആളുകളോട് തങ്ങളുടെ പരിപാടികൾക്ക് തന്നെ വിളിക്കാൻ ആവശ്യപ്പെട്ടു. സൗജന്യമായി ഫോട്ടോ എടുത്തു കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തായിരുന്നു അഭ്യർഥന". ആവേശം കൈവിടാതെ ഈ യാത്ര തുടർന്നപ്പോൾ പകർത്തപ്പെട്ട 30 ലക്ഷം ചിത്രങ്ങളിൽ പതിഞ്ഞതിൽ ലോകം കണ്ട മഹാവ്യക്തികളുമുണ്ട്. യു എ ഇയിലെ രാജകുടുംബത്തിലെ ഓരോ അംഗത്തിനും പുറമേ, നെൽസൻ മണ്ടേല, ഇന്ദിരാഗാന്ധി, ജിമ്മി കാർട്ടർ, യാസർ അറഫാത്ത്, ബിൽ ക്ലിന്റൺ തുടങ്ങി നടീടൻമാർ, കായിക താരങ്ങൾ, രാഷ്ട്ര നായകർ ഈ പട്ടിക നീളും.

50 വർഷത്തിലധികം കാലത്തെ യു എ ഇയിലെ ഫോട്ടോ സപര്യക്ക് നിരവധി അംഗീകാരങ്ങളും അദ്ദേഹത്തെത്തേടിയെത്തി. ഫോട്ടോഗ്രാഫർ ഓഫ് ദി മില്ലേനിയം പുരസ്കാരം ഇതിൽ പ്രധാനമാണ്. സായിദ് യൂനിവേഴ്സിറ്റി അദ്ദേഹത്തിന്റെ പേരിൽ സ്റ്റുഡന്റ് ഡോക്യുമെന്ററി ഫോട്ടോഗ്രഫി അവാർഡ് ഏർപ്പെടുത്തിയാണ് നൂർ അലിയെ ആദരിച്ചത്.

1929ൽ ജനിച്ച നൂർ അലി തന്റെ 18ാം വയസ്സിലാണ് കറാച്ചിയിൽനിന്നും പ്രസിദ്ധീകരിക്കുന്ന 'വിഷൻ' വീക്കിലി മാഗസിനിൽ ഫോട്ടോഗ്രാഫറായി ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. പിന്നീടദ്ദേഹം ഈ രംഗത്തുനിന്നും തിരിഞ്ഞു നോക്കിയിട്ടില്ല. യു എ ഇയുടെ വളർച്ചയുടെ ഘട്ടങ്ങൾ പകർത്തുക എന്നതു നൂർ അലിയുടെ സ്വപ്നംകൂടിയായിരുന്നു. അദ്ദേഹം പറയാറുണ്ട്, "യു എ ഇയുടെ സുവർണകാലഘട്ടങ്ങൾ ഞാൻ പകർത്തിയിട്ടുണ്ട്. ശൈഖ് സായിദ് ആണ് എന്റെ നേതാവ്. എന്റെ ഭാവിയും എന്റെ എല്ലാമെല്ലാം അദ്ദേഹമാണ്".





യു എ ഇ ഭരണാധികാരികൾക്കൊപ്പം ലോകരാജ്യങ്ങളിലേക്കു യാത്ര ചെയ്യാനും പ്രശസ്തരെ സന്ദർശിക്കാനും നൂർ അലിക്കു അവസരം ലഭിച്ചു. ബക്കിങ്ഹാം പാലസിൽ ചെന്ന് രണ്ടാം എലിസബത്ത് രാജ്ഞിയെ കണ്ടു. മാർഗ്രറ്റ് താട്ചറോടൊപ്പം ചായകുടിച്ചു. യാസർ അറഫാത്തുമായി നേരിട്ടു സംസാരിച്ചു, ബിൽക്ലിന്റനോട് തമാശ പറഞ്ഞു. ഷാർജ ഭരണാധികാരി ശൈഖ് സുൽത്താൻ അൽ ഖാസിമിക്കു വേണ്ടി ഏതാനും പുസ്തകങ്ങളും നൂർ അലി രചിച്ചു. ശൈഖ് സായിദ്, ശൈഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാൻ, ശൈഖ് മക്തൂം ബിൻ റാശിദ്, ശൈഖ് മുഹമ്മദ് ബിൻ റാശിദ് അൽ മക്തൂം എന്നിവരെക്കുറിച്ചുള്ളതായിരുന്നു പുസ്തകങ്ങൾ.







# എം പോസ്റ്റ് കൊറിയർ സേവനം എല്ലാ പോസ്റ്റ് ഓഫീസുകളിലും

ദുബൈ: രാജ്യത്തെ എല്ലാ പോസ്റ്റോഫീസുകളിലും എം പോസ്റ്റിന്റെ കൊറിയർ സേവനങ്ങൾ ലഭ്യമാക്കുമെന്ന് അധികൃതർ വ്യക്തമാക്കി. ആഭ്യന്തര, രാജ്യാന്തര കൊറിയർ ഉൾപ്പെടെ എല്ലാ സേവനങ്ങളും പോസ്റ്റ് ഓഫീസുകളിലെ പോസ്റ്റൽ കൗണ്ടറുകൾ വഴിയാണ് ചെയ്തു കൊടുക്കുക. ഒന്നാംഘട്ടത്തിൽ, രാജ്യത്തെ 11 പ്രധാന പോസ്റ്റ് ഓഫീസുകളിൽ കഴിഞ്ഞ വർഷം ഓഗസ്റ്റ് 29 മുതൽ എംപോസ്റ്റ് സേവനങ്ങൾ നൽകി വരുന്നുണ്ട്. അബൂദാബി സെൻട്രൽ, കറാമയിലെ ദുബൈ സെൻട്രൽ, ദേര മെയിൻ, അൽഖൂർ ദുബൈ, അൽതനാവിയ ദുബൈ, ജുമൈറ, ഷാർജ സെൻട്രൽ, അജ്മാൻ സെൻട്രൽ, റാസൽഖൈമ സെൻട്രൽ, അൽ ഐൻ സെൻട്രൽ, ഫുജൈറ സെൻട്രൽ എന്നിവിടങ്ങളിലാണ് സേവനം ലഭിക്കുന്നത്.

എല്ലാ പോസ്റ്റോഫീസുകളിലും സേവനം ലഭ്യമാകുന്നതോടെ എംപോസ്റ്റ് കൊറിയർ സർവീസ് വ്യാപകമായി ഉപയോഗപ്പെടുത്താനാകും. എമിറേറ്റ്സ് പോസ്റ്റ് ഗ്രൂപ്പിനെ പരിഷ്കരിച്ച് എല്ലാ യൂണിറ്റുകളും ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായാണ് പുതിയ സർവീസ് വർധിപ്പിക്കുന്നതെന്ന് ഗ്രൂപ്പ് ആക്ടിംഗ് പ്രസിഡന്റ് ഫഹദ് ഈസ അൽ ഹുസനി പറഞ്ഞു. ഉപഭോക്താക്കൾക്ക് മികച്ച സൗകര്യം ലഭ്യമാക്കുകയും അത്യാധുനിക രീതികൾ നടപ്പാക്കുകയും ചെയ്യുന്നതിൽ കമ്പനി ശ്രദ്ധിച്ചു വരുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

കൊറിയർ സേവനങ്ങൾക്കു പുറമെ ഇന്ത്യൻ പാസ്പോർട്ട്, വിസ വിതരണ കേന്ദ്രങ്ങളും എംപോസ്റ്റ് നടത്തി വരുന്നുണ്ട്. രാജ്യത്തുടനീളം 12 കേന്ദ്രങ്ങളാണ് പാസ്പോർട്ട് വിസ സേവനങ്ങൾക്കായി പ്രവർത്തിക്കുന്നത്.




# എമിറേറ്റ്സ് ഐ ഡി ടൈപിംഗ് സെന്ററുകളിൽനിന്ന് പുതുക്കാം

ദുബൈ: രാജ്യത്ത് നിർബന്ധിതമായി നടപ്പിലാക്കുന്ന ദേശീയ തിരിച്ചറിയൽ കാർഡ് പുതുക്കുന്നതിന് അംഗീകൃത ടൈപിംഗ് സെന്ററുകളിൽ സൗകര്യമൊരുക്കും. എമിറേറ്റ്സ് ഐ ഡി രജിസ്ട്രേഷൻ സെന്ററിൽ തന്നെ പോകണമെന്ന നിബന്ധന ഒഴിവാക്കിയാണ് ടൈപിംഗ് സെന്ററുകളിലേക്ക് സേവനം വ്യാപിപ്പിക്കുന്നതെന്ന് എമിറേറ്റ് ഐഡന്റിറ്റി അതോറിറ്റി വൃത്തങ്ങൾ സൂചിപ്പിച്ചു.




കാർഡ് പുതുക്കുന്നതിന് രജിസ്ട്രേഷൻ കേന്ദ്രങ്ങളിൽനിന്ന് നേരത്തേ അപ്പോയ്മെന്റ് എടുക്കുകയോ പ്രവൃത്തി സമയം പരിശോധിക്കുകയോ വേണ്ടതില്ലെന്ന് അതോറിറ്റി ആക്ടിംഗ് ജനറൽ മാനേജർ ഡോ. അലി അൽ ഖൂറി പറഞ്ഞു. പുതിയ സംവിധാനം അടുത്ത മാസം മുതൽ തന്നെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

തിരിച്ചറിയൽ കാർഡ് അപേക്ഷാ രീതികളിൽ അതോറിറ്റി അടുത്തിടെ പരിഷ്കാരം വരുത്തിയിരുന്നു. പുതിയ രീതിയനുസരിച്ച് ഇ അപ്ലിക്കേഷൻ ഫോമിൽ വിവരങ്ങൾ ചേർക്കുകയും തിരിച്ചറിയൽ രേഖകൾ സ്കാൻ ചെയ്ത് ടൈപിംഗ് സെന്ററുകളിൽ പണമടക്കുന്ന രീതിയാണ് നടപ്പിലാക്കുന്നത്. രണ്ടാംഘട്ടത്തിൽ അതോറിറ്റി കേന്ദ്രത്തിൽ അപ്പോയ്മെന്റ് ലഭിക്കുന്നതനുസരിച്ച് എത്തി ഒപ്പിട്ടു നൽകുകയും വിരലടയാളവും ഫോട്ടോയും എടുക്കണം. കാർഡ് പുതുക്കുമ്പോൾ ഈ നടപടികൾ ആവർത്തിക്കേണ്ടതില്ല. പുതുക്കുന്നതിനുള്ള എല്ലാ നടപടികളും ടൈപിംഗ് സെന്ററുകളിൽ നിന്നു തന്നെ പൂർത്തിയാക്കി അതോറിറ്റി കേന്ദ്രത്തിലേക്കു അയക്കുകയാണ് ചെയ്യുക. കാർഡ് കൊറിയർ വഴി അയച്ചുകൊടുക്കും.

അതേസമയം, നേരത്തേ എടുത്ത വിരലടയാളം വ്യക്തമാകാതിരിക്കുകയോ എന്തെങ്കിലും സംശയം തോന്നുകയോ ചെയ്ത കാർഡുടമകളെ അതോറിറ്റി കേന്ദ്രത്തിൽ വിളിച്ചു വരുത്തും. ഇത്തരം കാർഡുടമകളുടെ വിവരങ്ങൾ അതോറിറ്റി തയ്യാറാക്കി വരികയാണ്. പട്ടിക ടൈപിംഗ് സെന്ററുകളിൽ ലഭ്യമാക്കും.

# റാസൽഖൈമയിൽ ലിമോസിൻ കാർ സർവീസ് തുടങ്ങുന്നു

റാസൽഖൈമ: എമിറേറ്റിലെ പൊതുജനങ്ങളുടെ യാത്രാ സൗകര്യത്തിനായി റമദാനു ശേഷം ലിമോസിൻ കാർ സർവീസ് ആരംഭിക്കുമെന്ന് ട്രാൻസ്പോർട്ട് വിഭാഗം അറിയിച്ചു. മൂന്നു വിഭാഗങ്ങളിലായി യാത്രക്കൊരുക്കുന്ന ലിമോസിനുകൾ മറ്റു എമിറേറ്റുകളിലേക്കും നഗരങ്ങളിലേക്കും സർവീസ് നടത്തും.

23 ലിമോസിനുകളാണ് സർവീസിനായി തയ്യാറാക്കുന്നതെന്ന് ട്രാൻസ്പോർട്ട് ഡയറക്ടർ ജാസിം ഫർഹാത്ത് അറിയിച്ചു. സർവീസ് ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തി വരികയാണ്. പ്ലാറ്റിനം, ഗോൾഡ്, സിൽവർ എന്നീ മൂന്നു വിഭാഗങ്ങളിലാണ് സർവീസ് ഉണ്ടാകുക. വിനോദത്തിനൊപ്പം സുരക്ഷക്കും പ്രാധാന്യം നൽകി ആരംഭിക്കുന്ന സർവീസ് വിനോദ സഞ്ചാരികളെ ആകർഷിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഹോട്ടലുകൾ, എയർപോർട്ട്, ഷോപിംഗ് മാളുകൾ എന്നിവിടങ്ങളിൽനിന്നെല്ലാം ലിമോസിനുകൾ യാത്രക്കാർക്ക് ലഭിക്കും. കുടുംബസമേതമുള്ള ഉല്ലാസ യാത്രകൾക്ക് അനുയോജ്യമായ സേവനമായിരിക്കും ലിമോസിനുകൾ ഒരുക്കുക. ഓരോ വിഭാഗം കാറുകളിലും വ്യത്യസ്തമായ സൗകര്യങ്ങളാണ് അനുവദിക്കുക. 8001700 എന്ന ടോൾ ഫ്രീ നമ്പരിലൂടെ കാറുകൾ ബുക്ക് ചെയ്യാനാകും.



# മെട്രോ ട്രെയിനുകൾ 90 ശതമാനം സമയക്രമം പാലിക്കുന്നു

ദുബൈ: സർവീസുകളുടെ സമയകണിശതയിൽ ദുബൈ മെട്രോ ചരിത്രം സൃഷ്ടിക്കുന്നു. പ്രവർത്തനമരംഭിച്ച് ഒരു വർഷം പൂർത്തിയാകാൻ രണ്ടാഴ്ച മാത്രം ശേഷിക്കേ മെട്രോ സർവീസിന് നേതൃത്വം നൽകുന്ന സിർകോയുടെ സ്ഥിതിവിവരം അനുസരിച്ച് 96 ശതമാനം സമയ ക്രമം പാലിക്കാൻ കഴിയുന്നു. ഈ വർഷം ആദ്യ ആറുമാസത്തെ പ്രവർത്തന വിവരങ്ങൾ വെളിപ്പെടുത്തുകയായിരുന്നു സിർകോ.

ഈ വർഷം നാലു കോടി യാത്രക്കാരാണ് മെട്രോ ട്രെയിനുകൾ ഉപയോഗിച്ചത്. ഇപ്പോൾ ഏതാണ്ട് 120,000 പേരാണ് ട്രെയിൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. മെട്രോ പ്രവർത്തിപ്പിക്കുന്നതിന് ആർ ടി എയുമായി ധാരണയിലെത്തിയിട്ടുള്ള സിർകോ പാം ജുമൈറ മോണോ റെയിൽ പ്രവർത്തിപ്പിക്കുന്നതിന് അഞ്ചു വർഷത്തെ കരാറിൽ അടുത്തിടെ ഒപ്പിട്ടു. പാം ജുമൈറയെയും അറ്റ്ലാന്റിസ് ഹോട്ടലിനെയും ബന്ധിപ്പിച്ച് നടത്തുന്ന മോണോ റെയിൽ സർവീസ് നഗരത്തിലെ റെയിൽ ഗതാഗതത്തിലും വിനോദ സഞ്ചാരമേഖയിലും ആകർഷകമാകും.




ജൂണിൽ പ്രവർത്തനമാരംഭിച്ച ദുബൈ വേൾഡ് സെൻട്രൽ അൽ മക്തൂം ഇന്റർനാഷണൽ എയർപോർട്ടിലെ എയർ ട്രാഫിക് കൺട്രോൾ, എയർസൈഡ് എഞ്ചിനീയറിംഗ് സേവനങ്ങൾ നടത്തുന്നതിന് സിർകോ കമ്പനി 504 കോടി ഡോളറിന്റെ കരാറിൽ ഒപ്പിട്ടുണ്ട്. മക്കയിലേതുൾപ്പെടെ ലോകത്തെ വിവിധ മെട്രോ പദ്ധതികളുടെ പ്രവർത്തിപ്പക്കൽചുമതലഏറ്റെടുത്തിട്ടുള്ള സിർകോ ദുബൈ മോട്രോയെ ജനപ്രിയമാക്കുന്നതിൽ ശ്രദ്ധിച്ചു.

മലയാളത്തിൻെറ മഹാരുചി!™

# ഓണാശംസകൾ

## മലയാളികളുടെ മഹോത്സവം മലയാളത്തിന്റെ മഹാരുചിയോടൊപ്പം




നിറപറ നിങ്ങൾക്കായ് കാഴ്ചവെയ്ക്കുന്ന കേരളത്തിന്റെ പരമ്പരാഗത രുചികൾക്കൊപ്പം ഓണം ആഘോഷിക്കൂ. പാരമ്പര്യത്തിന്റെ വിഭവസമൃദ്ധിയുടെ ഗൃഹാതുരത്വമുണർത്തുന്ന സ്വാദ് ആസ്വദിക്കൂ. അരിപ്പൊടി, കറി മസാല, സ്പൈസസ്, അച്ചാറുകൾ എന്നിവ ഉൾപ്പെടുന്ന വിപുലമായ നിറപറ ശ്രേണിക്കൊപ്പം ഓണസദ്യ അവിസ്മരണീയമാക്കൂ.

NIRAPARA™



# നവ്യമാം ഒരു ആവണിച്ചിന്ത്

ഷീല പോൾ

സത്യവും, സ്നേഹവും, സമത്വവും, നൈതികതയും, കൈകോർത്തു നിന്നിരുന്ന സമാധാനപൂർണ്ണവും, സുരഭിലവുമായിരുന്ന ഒരു സമ്പൂർണ്ണ കാലഘട്ടത്തിന്റെ സ്മരണകൾ അയവിറക്കിക്കൊണ്ട് ഒരിക്കൽ കൂടി കേരളീയരായ നാം ഓണം ആഘോഷിക്കുകയാണ്.

ഋതുഭേതങ്ങളുടെ രമണീയതയോടെ ചാവരം വീശിയെത്തുന്ന ചിങ്ങമാസം. ഒരു ചിത്രശലഭത്തെപ്പോലെ , ഇളംവെയിലിൽ തള്ളിക്കളിച്ച് ശ്രാവണം എത്തുമ്പോൾ, കാടും, മേടും, പൂക്കളും, പുഴകളുമെല്ലാം നമ്മോടൊപ്പം ഹർഷോന്മത്തരാവുന്നു. കൊയ്ത്തു കഴിഞ്ഞ് നെല്ലറകൾ നിറയുന്ന കാലം, കാലികൾ അലസമായി മേയുമ്പോൾ അവയുടെ പുറത്ത് ചിറകു വിടർത്തി പാറി വന്നെത്തുന്ന കാവളം കിളികൾ കൊക്കുരുമ്മിയിരുന്ന് കിന്നാരം ചൊല്ലുന്ന ശ്യാമാങ്കണത്തിൽ നെയ്ത്തിരി കൊളുത്തി നൃത്തമാടുന്ന താരാഗണങ്ങൾ. കൃഷ്ണപക്ഷം കഴിഞ്ഞെത്തുന്ന പൂർണ്ണേന്ദുവൊ, സുസ്മേരവദനയായ് നിൽക്കുമ്പോൾ, നദിയോരത്ത് പൂവിളികൾ ഉയരുന്നു. അതു കേട്ട് നാമും കൂടെ പാടുന്നു. ഊയയിലാടുന്നു. തിരുവാതിര പാട്ടുകൾ പാടി നൃത്തം വെക്കുന്നു. വള്ളംകളി പാട്ടിന്റെ തിത്തെെതകതെെതാളത്തിൽ നാമും മുന്നോട്ടു കുതിക്കുന്നു. ഒപ്പം നമ്മുടെ ആശകളും ആരവങ്ങളും തലപ്പത്തും. തുമ്പിതുള്ളലും ഖബഡിയുമൊക്കെയായി ഇടക്ക് വായ നിറയെ ഉപ്പേരിയും, ശർക്കര പുരട്ടിയും, കൊറിച്ച്, മൂക്കുമുട്ടെ പായസവും മോന്തി, കൂട്ടുകാരുടെ കൈകൾ കോർത്തു പിടിച്ച്, ആടി പാടി, ഊഞ്ഞാലിലാടി തിമിർത്ത കുട്ടിക്കാലം, നാമേവരുടെയും മനസ്സിൽ മറ്റൊരു ആനന്ദമായ്, മങ്ങാതെ, മായാതെ നിൽക്കുന്നു. അതല്ലെങ്കിൽ പുനർജനികളാവുന്നു. ആ ഓർമ്മകളെ താലോലിച്ചു കൊണ്ട് മലയാളികളായ നാം ആവും വിധം ഈ വിദേശത്തും ഓണം കൊണ്ടാടുകയാണ്.



എങ്കിലും നമുക്ക് എവിടെയൊക്കെയോ, എന്തൊക്കെയോ നഷ്ടപ്പെട്ടതു പോലൊരു തോന്നൽ നമ്മെ അലട്ടുന്നില്ലേ? പൂർണ്ണത കൈവരിക്കാൻ കഴിയാത്ത ഒരവസ്ഥ. ഒരു പക്ഷെ ഉറ്റവരെയും ഉടയവരെയും രക്തബന്ധങ്ങളെയുമൊക്കെ പിരിഞ്ഞ്, അകലെ കഴിയേണ്ടിവരുന്നതു കൊണ്ടും ഒറ്റപ്പെടലിന്റെ തീവ്രത അനുഭവപ്പെടുന്നതു കൊണ്ടും കൂടിയാവാം, ഖനികളിൽ ദിവസങ്ങളായി കുടുങ്ങിക്കിടന്ന്, മരണഭീതിയുമായി കഴിയുന്നവർ, അവരുടെ കുടുംബാംഗങ്ങളുടെ നിലവിളികൾ. അപകടങ്ങളിൽ മരണമടങ്ങവരുടെ കുടുംബങ്ങൾ, ജയിലിൽ ശിക്ഷ അനുഭവിക്കുന്നവർ, ആത്മഹത്യ ചെയ്യപ്പെട്ടവരുടെ കുടുംബങ്ങൾ, മക്കളെയും ഭർത്താക്കൻമാരെയും തട്ടിയെടുത്ത വിമാന, ട്രെയിൻ അപകടങ്ങളിൽ പെട്ടവരുടെ സ്വന്തക്കാർ, ഇവരെക്കുറിച്ച് ഓർമ്മിക്കാതെ ഒരു ഓണം ആഘോഷിക്കാൻ നമുക്കാകുമോ? "ഞാൻ എന്റെ സുഖം" എന്ന നയം ലോകം കൂടുതലായി കൈക്കൊണ്ടു വരുമ്പോൾ, അന്യന്റെ ദു:ഖങ്ങൾ കണ്ടും, കാണാതെയും പോകുന്നു. അവരുടെ അസൗകര്യങ്ങൾ നമ്മുടെ ചുമതലകളല്ലെന്നു നാം കരുതുന്നു. ആർക്കും, ഒന്നിനും സമയമില്ലാതായിരിക്കുന്നു. സത്യമാണ്. എന്നാൽ നാം മനസ്സുവെച്ചാൽ നടക്കാത്ത ഒരു കാര്യവുമില്ലെന്നതാണ് യാഥാർഥ്യം.

പ്രണവമുണർന്ന് പിറപ്പൊഴിയുന്ന മാവേലി വാണതു പോലൊരു കാലം ഉണ്ടാവാൻ വേണ്ടി നാം ശ്രമിക്കേണ്ടിയിരിക്കുന്നു. സമൃദ്ധിയും, സാഹോദര്യവും, നീതിയും ഒരുമിച്ച് മമതയോടെ വാഴുന്ന സമാധാനപൂർണ്ണമായ ഭാവിയെക്കുറിച്ചുവേണം നാം ചിന്തിക്കുവാൻ. ആത്മാവിനെ ചിന്തിക്കുവാനുള്ള ഒരുപകരണമായി, ഉപാധിയായി കരുതണം. ആന്തരാത്മാവിൽ ഉതിരുന്ന വിചിന്തനങ്ങൾക്കും, സാംസ്കാരിക പരിണാമങ്ങൾക്കും, മാനവികതക്കും മാത്രമെ, സംഘർഷഭരിതമായ അന്തരീക്ഷത്തിന് ശാന്തി പകരുവാൻ കഴിയുകയുള്ളൂ.

പരിണാമങ്ങൾ, സമൂഹത്തന് ദോഷം ചെയ്യാത്തതും, മൂല്യങ്ങളെ ഹനിക്കാത്തതുമായിരിക്കണം. ജ്ഞാനവും, സാധനയും, സൽപ്രവൃത്തികളും കൊണ്ട് ദു:സ്ഥിതികളെ ശുദ്ധീകരിക്കുവാനും, സഫലമാക്കാനും നമുക്ക് കഴിയണം. കള്ളവും, ചതിയുമില്ലാത്ത ഒരു കാലം, പൊളിവചനങ്ങളും, ദ്രോഹങ്ങളുമില്ലാത്ത, ഒരു കാലം വരും എന്നു പ്രത്യാശിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യേണ്ടിരിക്കുന്നു. അത് ഓരോ വ്യക്തികളുടെയും പ്രതിജ്ഞയായി മാറണം.

ലോകം ഇന്ന് നാശത്തിന്റെ വക്കിലാണെന്ന് നാം അറിയുന്നു. സുരക്ഷിതത്വമില്ലാത്ത അവസ്ഥയിൽ, സ്വരക്ഷക്കായ് മാനവർ നെട്ടോട്ടമോടുകയാണ്. മനുഷ്യരെല്ലാം ആകാംക്ഷാഭരിതരുമാണ്. നാളെ എന്ത്? നാം എങ്ങോട്ട്? എന്ന ചിന്ത നമ്മെ ഏവരെയും അലട്ടുന്നു. ആ ചിന്ത നല്ലയൊരു തുടക്കമാണ്. സ്വാഭിമാനവും, സദാചാര ബോധവും, നൈതികതയും, ആധാരമാക്കി ജീവിക്കുന്നവരെ വേദനിപ്പിക്കുന്നത് പരാജയ ബോധമോ, മോഹഭംഗങ്ങളോ, പശ്ചാത്താപമോ ആണ്.

സൃഷ്ടിയും, സ്ഥിതിയും സംഹാരവും, ദൈവികമായി ഈശ്വരനിൽ നിക്ഷിപ്തമായിരിക്കുന്നു. എന്നാൽ ഭൂമിയിൽ കർമ്മങ്ങളിലൂടെ, പരോക്ഷമായി മനുഷ്യർ അത് നിർവഹിക്കപ്പെടുന്നു.

സൃഷ്ടി:- സ്ഥിതി, സംഹാരം എന്ന പ്രതിഭാസത്തെ ജാപ്പനീസ് കലയായ 'ഇക്ക്ബാന'യോട് നമുക്ക് ഉപമിക്കാം. 'ഫ്ളവർ അറേഞ്ച്മെന്റ്' ആണ് ഇക്ബാന എന്ന കല. പൂക്കൾ അലങ്കാരത്തിനായി ക്രമീകരിക്കുമ്പോൾ സ്വർഗ്ഗം, മനുഷ്യൻ, ഭൂമി എന്ന അടിസ്ഥാനത്തിലാണ് അവർ ക്രമീകരിക്കുക.

സൃഷ്ടി:- സ്വർഗ്ഗത്തിൽ നിന്നും വരുന്നു. വിത്തു വീഴുന്നു, ജലവും വെളിച്ചവും ആഹാരവും നൽകുന്നു. കിളിർക്കുന്നു, വളരുന്നു. അതു ചെടിയാവാം പക്ഷിയാവാം, മൃഗമാവാം, മനുഷ്യനാകാം. മനുഷ്യനൊഴിച്ച് ബാക്കിയൊന്നിനും ആത്മാവില്ലെന്നു മാത്രം. ജീവൻ മാത്രമേയുള്ളൂ. എന്നാൽ ഓരോന്നിനും അതിന്റേതായ നിറങ്ങളും രൂപഗുണങ്ങളുമുണ്ട്. ആത്മാവ് സ്വയം പ്രകാശിക്കുന്ന സത്യമാണ്. ആത്മാവ് കൊണ്ട് നാം ചിന്തിക്കുന്നു. ചിന്തകൾ ജ്ഞാനം കൊ്ണ്ട വളരുന്നു. പടർന്നു പന്തലിക്കുന്നു. മറ്റുള്ളതിന് താങ്ങും, തണലുമാകുന്നു. ഒടുവിൽ വളവുമായി ഭവിക്കുന്നു.

സ്ഥിതി:- യെ മനുഷ്യനോടും അവന്റെ കർമ്മങ്ങളോടും ഉപമിക്കാം. കർമ്മം ചെയ്യുക, ഫലം ഇഛിക്കാതിരിക്കുക, സൂര്യൻ ലോകത്തിനു മുഴുവൻ പ്രകാശം നൽകുന്നു. ഇരുളിനെ അകറ്റുന്നു. നദികൾ ജലം നൽകിക്കൊണ്ട് ഒഴുകുന്നു. മണ്ണ് അന്നം നൽകുന്നു. അഗ്നി തേജസ്സാണ്. അങ്ങിനെ ഓരോന്നിനും അതിന്റേതായ കർമ്മങ്ങൾ അനുഷ്ടിക്കേിയിരിക്കുന്നു.

മനുഷ്യനിൽ നിന്ന് സൽകർമ്മങ്ങളാണ് പ്രപഞ്ചം ആഗ്രഹിക്കുന്നത്. ദുഷ്കർമ്മങ്ങൾ ഉണ്ടാകുമ്പോഴാണ് ജീവിതമാകുന്ന തീവണ്ടി പാളം തെറ്റി തകരുന്നതെന്ന് നാം ഓർക്കേണ്ടിയിരിക്കുന്നു. സൽകർമ്മങ്ങൾക്ക് സത്ഫലവും, ദുഷ്കർമ്മങ്ങൾക്ക് ദുഷ്ഫലമാണുണ്ടാവുക. ആത്മസാക്ഷാൽക്കാരവും, ഹൃദയസമാധാനവും ലഭിക്കുന്നതിന് സൽകർമ്മങ്ങൾ സഹായകമാകുന്നു.

സംഹാരത്തെ നമുക്ക് ഭൂമിയോട് ബന്ധിപ്പിക്കാം. ആകാശത്തിനും സമുദ്രത്തിനും, അതിർത്തി നിശ്ചയിച്ചവൻ, സർവ്വശക്തനായ പ്രപഞ്ച സൃഷ്ടാവ്. ലോകത്തിനു മുഴുവൻ വെളിച്ചം നൽകുന്ന ഏറ്റവും വലിയ വോൾട്ടേജുള്ള ബൾബാണ് സൂര്യൻ. രാത്രിയിലെ പെട്രോൾമാക്സ് ചന്ദ്രൻ. കാണാത്ത ഉറവിടത്തിൽ നിന്നും ലോകത്തെ മുഴുവനും ശീതളമാക്കുന്ന കാറ്റ്. ശ്വസിക്കുന്ന വായു അഥവാ ഓക്സിജൻ. പ്രകൃതി രമണീയത, മാറിമാറിയുണ്ടാവുന്ന ഋതുക്കൾ ഇവയെല്ലാം ഈശ്വരന്റെ അത്ഭുതങ്ങളാണെന്ന് നാം അറിയുന്നു. ജലവും, വായുവും, സൂര്യനും ജീവൻ നിലനിർത്തുന്നുവെങ്കിലും ജലപ്പെരുപ്പം, ജീവനാശത്തിട വരുത്തുന്നു. കൊടുങ്കാറ്റും, തീയും നാശം വിതക്കുന്നു. ഭൂമിയെയും, ജീവജാലങ്ങളെയും ചുട്ടു ചാമ്പലാക്കുന്നു. അതുപേ





ാലെയാണ് മനുഷ്യന്റെ ചിന്തകളും, പ്രവൃത്തികളും, കർമ്മങ്ങളും എഴുത്തുകളുമെല്ലാം. എല്ലാറ്റിനുമുപരിയായി ഈശ്വര ചൈതന്യം മനസ്സിൽ നിറയണം. ദിവ്യമായ ജ്ഞാനത്തിൽ ലയിക്കണം. mind should be more eminent than words എന്നാണ്. ഉദാത്തമായത് വാക്കുകളേക്കാൾ മനസ്സാണ്.

മതേതരത്വത്തിന്റെ മഹത്തായ ആഘോഷമാണ് ഓണം. ജാതി, മത, രാഷ്ട്രീയ ചിന്തകൾക്കതീതമായി ഏവരും ഒത്തുചേർന്ന് ഓണം ആഘോഷിക്കുന്നു. ഇവിടെ ഹിന്ദുവില്ല, മുസ്ലിമില്ല, ക്രിസ്ത്യാനിയുമില്ല. മാനവികതയുടെ ഏകത്വം ഇവിടെ നാം കാണുന്നു. ബന്ധങ്ങളുടെ ഊഷ്മളതയും, ശക്തിയും, ആർദ്രതയും, ഇവയെല്ലാം ഒത്തുചേർന്നുള്ള സൗകുമാര്യതയുടെ സമ്മേളനം. സന്മാർഗ്ഗികതയുടെയും, നൈതികതയുടെയും മകുടോദാഹരണം. അതാണ് മാവേലി മന്നന്റെ എഴുന്നള്ളത്തിലൂടെ ഉളവാകുന്നത്.




കുട്ടിക്കാലത്തെ ഓണം ബാല്യകാലസമൃതികളിൽ, ഓടിക്കളിക്കുമ്പോൾ, അടുത്ത നായർ തറവാടുകളിലെ അച്ഛനമ്മമാരെയും, അവിടുത്തെ കുട്ടികളോടൊപ്പമിരുന്നുള്ള സദ്യയും, അവർ എന്റെ വീട്ടിൽ ആഘോഷിച്ചിരുന്ന ഓണാഘോഷ നാളുകളും, ഉത്രട്ടാതി വള്ളംകളിയും, ഒക്കെ സമൃതിപഥത്തിൽ ഒട്ടും ഒളിമങ്ങാതെ, മായാതെ നിൽക്കുന്നു. ജോലിക്കാർക്ക് വീതിച്ചു കൊടുത്തിരുന്ന പണവും, തുണിയും, എണ്ണയും, പച്ചക്കറികളുമൊക്കെ, ആത്മാർഥതയുടെയും ദൈവഭയത്തിന്റെയും, ഈശ്വരാനുഗ്രത്തിന്റെയും ശ്രീ ഭണ്ഡാരങ്ങളായി കരുതിയിരുന്ന പുണ്യകാലം ഒരിക്കലും തിരിച്ചു വരാതെ വണ്ണം കടന്നുപോയെങ്കിലും, ആ ഓർമ്മകളുടെ സ്നേഹോപഹാരങ്ങളായി കനവുകളിൽ ഇന്നും പൂത്തുലഞ്ഞു നിൽക്കുന്നു.

മതം മതത്തോടും, ജാതി ജാതിയോടും, മനുഷ്യൻ മനുഷ്യനോടും, രാജ്യം രാജ്യത്തോടും അടരാടുന്ന ഈ പോർക്കളത്തിൽ എല്ലാറ്റിനെയും അതിജീവിക്കുന്ന "സ്നേഹം" എന്ന വികാരം നാം ഉൾക്കൊള്ളണം. ആ തണലിലിരുന്ന് നാം ചിന്തിക്കുമ്പോൾ, കാലദേശങ്ങൾക്കപ്പുറത്തേക്ക് പരന്നൊഴുകുന്ന കാരുണ്യവും, ആർദ്രതയും, സന്മാർഗ്ഗ നൈതികതയും, ഏകത്വബോധവും നമുക്കനുഭവപ്പെടും. ലോകത്തെ മുഴുവൻ ഒന്നായി ദർശിക്കാൻ നമുക്ക് സാധിക്കും. ആഗോള സാംസ്കാരിക പരിണാമം കൊണ്ടു മാത്രമെ അതിനു സാധ്യമാവുകയുള്ളൂ.

അങ്ങിനെ നവ്യമായ ആവണിച്ചിന്തുകൾ പാടിക്കൊണ്ട് 2010-ലെ പൊന്നോണം നമുക്ക് ആഘോഷിക്കാം.

***ഏവർക്കും മലയാളനാടിന്റെ തിരുവോണാശംസകൾ.***



Pears®
Pears is a 200 years old tradition ...
ow in store across GCC!
CREATIVELINE
Pears Soap is a natural way to attain clean, healthy looking skin, especially made to take care of even the most delicate skin. Also contains high quality skincare ingredients like glycerin and natural oils which moisturize the skin while cleaning thoroughly yet gently.
Unilever
SKIN CARE FOR GENERATIONS
Distributor:
nmc trading
المركز الطبي الجديد للتجارة
new medical centre for trading
+971 4 2658990,
+971 2 6734300.

# വ്യക്തിത്വം

ജയകുമാർ എൻ.ടി

അതി മഹത്തായ, ഒരു സംസ്കാരവും, ജനാധിപത്യ പാരമ്പര്യവും ഉൾക്കൊള്ളുന്ന, ഇന്ത്യയെന്ന നമ്മുടെ മഹാരാജ്യത്തിന്റെ, ഭരണ സിരാകേന്ദ്രമായ, പാർലമെന്റിലെ, ലോകസഭയുടെ, സെക്രട്ടറി ജനറൽ എന്ന് പരമോന്നത പദവി അലങ്കരിക്കുന്ന ആദ്യ മലയാളിയായ ശ്രീ. പി.ഡി.റ്റി. ആചാരി. അതേ, റൂളിംഗുകളൊന്നും തെറ്റാതെ, ലോകസഭയുടെ, അത്യന്തം നൂലാമാലകൾ നിറഞ്ഞ നടപടിക്രമങ്ങളെല്ലാം തന്റെ, നിയന്ത്രണത്തിലൂടെ കഴിഞ്ഞ 5 വർഷക്കാലമായി, പക്വതയോടും, കാര്യക്ഷമതയോടും, കൃത്യതയോടും കൂടി, ഒരു പരാതിക്കും ഇടംകൊടുക്കാതെ, വിജയകരമായി മുന്നോട്ടും കൊണ്ടുപോകുന്ന, നമ്മൾ മലയാളികളുടെ സ്വന്തം. അതേ ഈ കൊച്ചുകേരളത്തിന്റെ അഭിമാനമായ ശ്രീ. പി.ഡി.റ്റി. ആചാരി. ഈ ഒരു സ്ഥാനലബ്ധി മാത്രം മതി മലയാളിയായി ജനിച്ച ഏതൊരാൾക്കും അഭിമാനിക്കാൻ.

പുതുതായ് തിരഞ്ഞെടുത്ത് ലോകസഭയിൽ എത്തുന്ന ജനപ്രതിനിധികൾ മുതൽ, അടവ് 18 ഉം പയറ്റി തെളിഞ്ഞ, രാഷ്ട്രീയ മഹാരഥന്മാർക്ക് വരെ, ലോക്സഭയെന്ന, രാജ്യത്തിന്റെ പരമോന്നത, നിയമനിർമ്മാണ സഭയിലെ കീഴ്വഴക്കങ്ങളെയും, നടപടിക്രമങ്ങളെയുംപറ്റിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നവനും, അവരെ പരമാവധി ലോകസഭയുടെ അന്തസ്സിനു നിരക്കുന്ന രീതിയിൽ അനുനയിപ്പിച്ച് പ്രവർത്തിപ്പിക്കുവാനും ശ്രീ. പി.ഡി.റ്റി. ആചാരി കാട്ടുന്ന, ആത്മാർത്ഥതയും, മാതൃകയും അദ്ദേഹത്തെ, ലോകസഭയിലെത്തുന്ന ഏതൊരു ജനപ്രതിനിധിയുടെയും, പ്രത്യേകിച്ച് മലയാളികളുടെ, ആചാര്യനാക്കി മാറ്റിയതിൽ അത്ഭുതമില്ല.

ലോകസഭ നടപടിക്രമങ്ങൾ എന്ന അത്യന്തം സങ്കീർണ്ണവും, നിയമക്കുരുക്കുകളും, ഭരണഘടനാപ്രശ്നങ്ങൾ നിറഞ്ഞതുമായ സാഹചര്യങ്ങളും, ഭരണപ്രതിപക്ഷങ്ങൾ, തമ്മിലുള്ള അത്യന്തം സംഘർഷഭരിതമായ സ്ഥിതിവിശേഷങ്ങളിലും സംയമനം വിടാതെ സഭയെ നിയന്ത്രിക്കാൻ വേണ്ട നിയമപരമായും, ഭരണഘടനാപരമായുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സഭാ നേതാവായ സ്പീക്കർക്കു നൽകി സഭയെ നിയന്ത്രിക്കുന്നതിൽ ശ്രീ. പി.ഡി.റ്റി. ആചാരി കാണിക്കുന്ന അനിതരസാധാരമായ കഴിവ്, അതേ... അദ്ദേഹത്തിന് മാത്രം സ്വന്തമായ ആ കഴിവുകൊണ്ടാണ് കാലവധി കഴിഞ്ഞും അദ്ദേഹത്തിന് പിൻഗാമിയാകുവാൻ പറ്റിയ ആരെയും സർക്കാരിന് കണ്ടെത്താൻ കഴിയാതിരുന്നതുമൂലം വീണ്ടും ഒരു തവണകൂടി അദ്ദേഹത്തിന് സെക്രട്ടറി ജനറൽപദവി നീട്ടിക്കൊടുത്തതെന്നു മാത്രം മതി. ലോകസഭാ സെക്രട്ടറി ജനറലായ, ശ്രീ. പി.ഡി.റ്റി. ആചാരിയും, അദ്ദേഹത്തിന്റെ കഴിവിൽ പരിചയസമ്പന്നതയിൽ, സർക്കാരിനുള്ള വിശ്വാസമാണ് തെളിയിക്കുന്നത്.

കഴിഞ്ഞ നാലു പതിറ്റാണ്ടായി ലോകസഭയിലെ, അനവധി സ്ഥാനമാനങ്ങൾ വഹിക്കാനായി എന്നു മാത്രമല്ല, ഇന്ത്യയെന്ന മഹാരാജ്യത്തിലെ, ഓരോ മുക്കിലും മൂലയിലും നടക്കുന്ന ചെറിയ സ്പന്ദനങ്ങൾ പോലും അതിന്റെ നേർക്കാഴ്ചപോലെ അലയടിക്കുന്ന ലോകസഭയിൽ, ഈ കാലയളവിനുള്ളിൽ, ഇന്ത്യ നേരിട്ട പ്രതിസന്ധികൾക്കും, ഉയർച്ചതാഴ്ചകൾക്കും, കിതപ്പിനും കുതുപ്പുകൾക്കും, മാറിമാറി വരുന്ന സർക്കാരുകളും, അവരുടെ രാഷ്ട്രീയവും നേരിൽക്കാണുവാനും അനുഭവിക്കുവാനും ഇന്ദിരാഗാന്ധി മുതൽ ഇപ്പോൾ മൻമോഹൻസിംഗ് വരെ നീളുന്ന ഭരണനേതൃത്വത്തിൽ, ഭാഗഭാക്കായി നിലകൊള്ളാനും, അവരുടെയൊക്കെ പ്രോത്സാഹനം ഏറ്റുവാങ്ങാനും സാധിച്ചത് പുണ്യമായും അതോടൊപ്പം ഒരു നിയോഗമായും കരുതാം.

1970 മുതൽ കേരളം കണ്ട, ഇന്ത്യ കണ്ട ഏറ്റവും പ്രശസ്തരും പ്രതിഭാധനന്മാരുമായ, ജനപ്രതിനിധികളെയും വിവിധങ്ങളായ രാഷ്ട്രീയ പാർട്ടികളുടെ സമുന്നത നേതാക്കന്മാരുടെയും, ദർശനങ്ങളും ഉത്കൃഷ്ടമായ വിചാരങ്ങളും, ചിന്താധാരകളുമായി സംവാദിക്കുവാനും അടുത്തിടപഴകുവാനും അതിൽ കഴിയാവുന്നവയൊക്കെ സ്വന്തമായി സ്വാംശീകരിക്കുവാനും, സാധിച്ചത്, പി.ഡി.റ്റി. ആചാരിയെന്ന ആ വലിയ മനുഷ്യനു മാത്രം അവകാശപ്പെടാവുന്നതും



അദ്ദേഹത്തിന്റെ ഒരു സ്വകാര്യ അഹങ്കാരവുമാണ്.

മാത്രവുമല്ല ഇന്ത്യയിലെ മൂന്നു തലമുറകളിൽപെട്ട നേതാക്കന്മാരോടും ജനപ്രതിനിധികളോടുമൊപ്പം പ്രവർത്തിക്കുവാനും അവരാവശ്യപ്പെടുന്ന സഭാ സംബന്ധമായ വിവരങ്ങളും, അറിവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പകർന്നു നൽകുവാനും, അവരുമായി നല്ലരീതിയിലുള്ള വ്യക്തിബന്ധം പുലർത്താനും കഴിയുന്നത് അങ്ങേയറ്റം ചാരിതാർത്ഥ്യത്തോടെ ശ്രീ. ആചാരി ഓർക്കുകയാണ്.

കേരളത്തിലെ കൊല്ലം ജില്ലയിലെ വവ്വക്കാവ് കൊളത്തിലേത്ത് കുടുംബാംഗമാണെങ്കിലും, ജനിച്ചതും വളർന്നതും, പത്തനംതിട്ട ജില്ലയിലെ കടമ്മനിട്ടയിലാണ്. സ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ പ്രീ-യൂണിവേഴ്സിറ്റിക്കു ചേർന്നു. അവിടെ ഒരു വർഷത്തെ പഠനം കഴിഞ്ഞ് ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേജിൽ ചേർന്ന് പഠനം തുടർന്നു. അവിടെ നിന്നും ഇംഗ്ലീഷിൽ ബിരുദമെടുത്ത ആചാരി തുടർന്ന് ബിരുദാനന്ത ബിരുദത്തിനായി റായ്പൂരിലേക്ക് പോകുകയും, അവിടെ നിന്ന് എം.എ.യും തുടർന്ന് ഡൽഹി സർവ്വകാലാശാലയിൽ നിന്ന് എൽ.എൽ.ബി-യും ഉന്നതനിലയിൽ പാസ്സായി. തുടർന്ന് 1970-ൽ ദ്വിഭാഷിയായി പാർലമെന്റിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച ആചാരി നിരവധി സ്ഥാനാരോഹണങ്ങൾക്കു ശേഷം 1994-ൽ ലോക്സഭാ സെക്രട്ടറിയേറ്റിൽ ഡയറക്ടറായും, തുടർന്ന് ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം കിട്ടുകയും, പിന്നീട് അഡീഷണൽ സെക്രട്ടറിയായി സ്ഥാനക്കയറ്റം നേടുകയും, അതിനുശേഷം സെക്രട്ടറിയായും ഉയർന്നു. ആഗസ്റ്റ് 2005-ൽ ലോകസഭയുടെ പരമോന്നത പദവിയായ സെക്രട്ടറി ജനറലായി നിയമിതനായി. പിന്നീടിതുവരെയുള്ളത് ചിത്രത്തിൽ രേഖപ്പെടുത്തുന്നു. കഴിവും ഊർജ്ജസ്വലതയും പരിചയസമ്പത്തും, സർവ്വോപരി വിവിധങ്ങളിലായ വിഷയങ്ങളിലുള്ള അവഗാഹമായ പാണ്ഡിത്യം, നിർണ്ണായക ഘട്ടങ്ങളിൽ പതറാതെ സർവ്വസമ്മതമായി തീരുമാനങ്ങളെടുക്കാനുള്ള കഴിവ്, ഇവയൊക്കെയാവാം അദ്ദേഹത്തെ ഇന്നും ലോകസഭയുടെ അമരക്കാരനായി വർണ്ണ-വർഗ്ഗ വ്യത്യാസമില്ലാതെ, രാഷ്ട്രീയ ഭേദമില്ലാതെ ഏവർക്കും പ്രിയങ്കരനായി മുന്നോട്ടു പോകുവാൻ അദ്ദേഹത്തിനു ശക്തി പകരുന്നത്.

ഈ കാലയളവിനുള്ളിൽ ഗവേഷണ, നിയമ, രാഷ്ട്രീയ, സർവ്വകലാശാലകൾക്ക് പ്രചോദനവും, പ്രയോജനപ്രദവുമായ നാലോളം വിഖ്യാതമായ പുസ്തകങ്ങളെഴുതി പ്രസിദ്ധപ്പെടുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞുവെന്നതു തന്നെ അദ്ദേഹത്തിന്റെ അർപ്പണബോധത്തിന്റെയും അറിവിന്റെയും കഥ പറയും.

(i) Speaker Rules; (ii) Law of Elections; (iii) Office of Profit; and (iv) Constitution Amendment in India (ed.)

ഈ പുസ്തകങ്ങളിലൂടെ ഈ കാലയളവിനുള്ളിൽ അദ്ദേഹം സമാഹരിച്ച, കടലോളം, പരന്ന അദ്ദേഹത്തിന്റെ അറിവുകൾ നമുക്കു മനസ്സിലാക്കിത്തരും.


ഇവയൊന്നും കൂടാതെ പാർലമെന്റിലെ അനവധി പ്രധാനപ്പെട്ട, ഉന്നതതല സമിതികളുടെയും തലവനും പ്രധാന അംഗവുമായി പ്രവർത്തിക്കുന്നതോടൊപ്പം, ഈ സമിതികളെയൊക്കെ പ്രതിനിധീകരിച്ച് ഈ കാലയളവിനുള്ളിൽ ഇരുപത്തിയൊമ്പതോളം രാഷ്ട്രങ്ങൾ സന്ദർശിക്കാനും അവിടെയൊക്കെ നടന്ന കോൺഫറൻസുകളിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് നേതൃത്വം വഹിക്കുവാനും സാധിച്ചു എന്നതുമാത്രമല്ല, പന്ത്രണ്ടോളം രാജ്യാന്തര സമിതികളിൽ, ഇന്ത്യയുടെ പ്രതിനിധിയും കൂടിയാണ് ഈ ഊർജ്ജസ്വലനായ നിയമ, ഭരണഘടന മേഖലകളിൽ അതീവ പ്രാവീണ്യം കൈമുതലാക്കിയ ഈ മലയാളി.

പത്തനംതിട്ട ജില്ലയിലെ കുമ്പനാട് സ്വദേശിയും നെല്ലിനിൽക്കുന്നതിൽ കുടുംബത്തിലെ പ്രഗത്ഭനായ എൻ.റ്റി. ആചാരിയുടെ പുത്രിയുമായ ശ്രീമതി ലീലയാണ് ഭാര്യ. ബാങ്കിംഗ് മേഖലയിലും സ്വന്തം വ്യവസായ മേഖലയിലും ഉന്നതമായ നിലകളിൽ പ്രവർത്തിക്കുന്ന മൂന്ന് ആൺമക്കളാണ് ഇവർക്കുള്ളത്.

ലോകസഭയിലെ ആദ്യ മലായളി സെക്രട്ടറി ജനറലെന്ന അത്യപൂർവ്വ ബഹുമതിയുടെ നിറവിനിപ്പുറം 2010-ൽ ലോകസഭയിൽ, അത്യന്തം പ്രശസ്തനീയവും സ്തുത്യാർഹവുമായ സേവനത്തിലൂടെ, നാൽപതു വർഷം പൂർത്തിയാക്കിയ ആദ്യ മലയാളിയെന്ന അത്യപൂർവ്വനേട്ടത്തിന്റെ ആത്മഹർഷത്തിലും രാഷ്ട്രപതി തെരഞ്ഞെടുപ്പിന്റെ മുഖ്യ വരണാധികാരിയെന്ന അത്യുന്നത ചുമതല വരെ വഹിച്ച, നമുക്കൊപ്പം, നമ്മുടെ കേരള നാട്ടിൽ ജനിച്ച ഈ വലിയ മനുഷ്യൻ താമരത്തുപോലെ വിനയാന്വിതനായി തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യാതെ, ഇന്ത്യയിലെ ഉദ്യോഗസ്ഥ സമൂഹത്തിനാകമാനം, അഭിമാനമായി, മാതൃകയായ സർവ്വോപരി ആചാര്യനായി നിലകൊള്ളുന്ന നമ്മുടെ മലയാളികളുടെയൊക്കെ സ്വന്തമെന്നവകാശപ്പെടാവുന്ന ശ്രീ. പി.ഡി.റ്റി. ആചാരി ഇനിയും ഒരുപാട്, ഒരുപാട് അന്തഃർദേശീയവും ദേശീയവുമായ മേഖലകളിൽ ഇന്ത്യയുടെ, നമ്മുടെ നാടിന്റെ, കേരളത്തിന്റെ യശസ്സുയർത്താൻ കഴിയുന്ന തരത്തിൽ പ്രവർത്തിക്കാനുള്ള ആർജ്ജവവും, ആരോഗ്യവും, ആയുസ്സും, ജഗദീശ്വരൻ നൽകട്ടെയെന്നു പ്രാർത്ഥിക്കാം.

അങ്ങനെയെങ്കിലും 115 കോടി ജനങ്ങൾ അധിവസിക്കുന്ന നമ്മുടെ ഭാരതത്തിൽ കേരളമെന്ന നമ്മുടെ കൊച്ചു മലയാളനാടിനെ, നമ്മുടെ കഴിവിനെ, ലോകമറിയട്ടെ, ഒരു നിയോഗം പോലെ......







മികച്ച ഏകാഗ്രത... കൂടുതൽ ഉന്മേഷം...
പുത്തൻ അനുഭവം...
ഒരു കൊച്ചു സന്തോഷം...
ഉന്മേഷദായകമായ നറുമണം...സവിശേഷമായ ആനന്ദം.
ഹൈ-ടീ ജീവിതത്തിനേകുന്ന വിസ്മയകരമായ മാറ്റം തിരിച്ചറിയൂ!
മനസ്സ് ഏകാഗ്രമാകും നിമിഷങ്ങൾക്കായി ഒരു കപ്പ് ഹൈ-ടീ ...
പുതുലോകം കണ്ടെത്തൂ!
| Tea Bags | Pet Bottles | Packets | Bulk Poly Bags
Hi-Tea
FINE QUALITY
www.hiteaindia.com • mail@hiteaindia.com

നായർജി

## ബിഹൈൻഡ് ദ സ്ക്രീൻ





# ജയസൂര്യയുടെ 'കോക്ക്ടെയ്ൽ'

ജയസൂര്യ, അനൂപ്മേനോൻ, സംവൃതാസുനിൽ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ അരുൺകുമാർ സംവിധാനം ചെയ്യുന്ന 'കോക്ക്ടെയ്ൽ' കൊച്ചിയിൽ പൂർത്തിയായി. 'ഹാപ്പി ഹസ്ബൻഡ്സ്' എന്ന ചിത്രത്തിനുശേഷം ഗാലക്സി ഫിലിംസിൻെറ ബാനറിൽ മിലൻ ജലീൽ നിർമിക്കുന്ന ഈ ചിത്രത്തിൽ ഫഹദ് ഫാസിൽ, ഇന്നസെൻറ്, സുരാജ് വെഞ്ഞാറമൂട്, സാദിഖ്, ബേബി എസ്തർ തുടങ്ങിയവരും മറ്റ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

മൂന്ന് അപരിചിതർ ഇന്നിൻെറ ഒരു സംഭവത്തിൻെറ പേരിൽ പരസ്പരം കണ്ടുമുട്ടുമ്പോൾ ഭൂതകാലത്തിലെ അവരുടെ പരിചയം തിരിച്ചറിയുന്നതിൻെറ രസകരമായ മുഹൂർത്തങ്ങളാണ് 'കോക്ക്ടെയ്ലിൽ' അരുൺകുമാർ ദൃശ്യവൽക്കരിക്കുന്നത്.

മൾട്ടി നാഷണൽ കമ്പനിയുടെ വൈസ് പ്രസിഡണ്ടായ രവി എബ്രാഹം, അൾട്രാ മോഡേൺ ലേഡിയായ പാർവതി എബ്രാഹം. ഭാര്യാഭർത്താക്കൻമാരായ ഇവർ സാധാരണക്കാരെപ്പോലെയല്ല. പക്ഷേ അയാൾ ആ ചെറുപ്പക്കാരൻ നമ്മളിൽ ഒരാളാണ്. അതുകൊണ്ടുതന്നെ അയാൾക്ക് ഒരു പേരുപോലുമില്ല. അയാൾ ആരുമാകാം. അയാൾ ഇന്നിൻെറ പ്രതിനിധിയാണ്. നമ്മൾ ഓരോരുത്തരിലും അയാളുണ്ട്. ഈ മൂന്ന് പേരുടെ ഇടയിലേക്ക് മറ്റൊരു ആൾകൂടി കടന്നുവരുന്നു– നവീൻ കൃഷ്ണൻകുട്ടി. അതോടെ പ്രശ്നങ്ങൾ ആരംഭിക്കുകയാണ്.

മൂന്നു അപരിചിതരുടെ പരിചയ കഥ പുതുക്കുമ്പോൾ അത് ഇന്നിൻെറ കഥയാവുന്നു. അതുകൊണ്ടുതന്നെ ഈ കഥ ഇന്നലെകളിൽ പറയാൻ കഴിയില്ല. ഇന്നു മാത്രം പറയാൻ കഴിയുന്ന കഥയാണ് അരുൺകുമാറിൻെറ 'കോക്ക്ടെയ്ൽ'. ജീവിതങ്ങളുടെ മിശ്രിതം.

ജയസൂര്യയാണ് ചെറുപ്പക്കാരനായി പ്രത്യക്ഷപ്പെടുന്നത്. ജയസൂര്യ അവതരിപ്പിച്ചതിൽ വേഷത്തിലും ഭാവത്തിലും അവതരണത്തിലും കോക്ക്ടെയ്ലിലെ കഥാപാത്രം ഏറെ വിഭിന്നമാണ്.

രവി എബ്രാഹമായി അനൂപ്മേനോനും നവീൻ കൃഷ്ണൻകുട്ടിയായി ഫഹദ് ഫാസിലും പാർവതി ഏബ്രഹാമായി സംവൃതാസുനിലും അഭിനയിക്കുന്നു.

പ്രശസ്ത ചലച്ചിത്ര സംവിധായകൻ പ്രിയദർശൻെറ കഴിഞ്ഞ പതിനഞ്ചോളം ചിത്രങ്ങളിൽ എഡിറ്ററായിരുന്ന അരുൺകുമാർ ആദ്യമായി സംവിധാനം ചെയ്യുന്ന 'കോക്ക്ടെയ്ലിൽ' പുതുമയാർന്ന അവതരണശൈലിയാണ് പ്രയോജനപ്പെടുത്തുന്നത്. നവാഗതനായ ശ്യാംമേനോൻ കഥയും തിരക്കഥയും എഴുതുന്ന ഈ ചിത്രത്തിൻെറ സംഭാഷണമൊരുക്കുന്നത് അനൂപ് മേനോനാണ്. പ്രശസ്ത ക്യാമറമാൻ മനോജ്പിള്ളയുടെ അസോസിയേറ്റ് ആയിരുന്ന പ്രദീപ്നായർ ഛായാഗ്രഹണം നിർവഹിക്കുന്ന ആദ്യചിത്രം കൂടിയാണ് 'കോക്ക്ടെയ്ൽ'. സന്തോഷ്വർമയുടെ വരികൾക്ക് ഈണം പകരുന്നത് അൽഫോൻസാണ്.








رمضان كريم
Ramadan Kareem
Festive Offers
25%
Discount
Garments
Footwear
Accessories
Furniture
Linen
Toys
Promotion Starting from
25th August to 14th September 2010
www.luluhypermarket.com
LuLu
HYPERMARKETS | SUPERMARKETS | DEPARTMENT STORES
Where the world comes to shop
UAE OMAN QATAR KUWAIT BAHRAIN SAUDI ARABIA YEMEN

■ നായർജി

മിനി ചാറ്റ്





# ബ്രൈറ്റി അറ്റ് ദ റേറ്റ് മൈഥിലി

ബ്രൈറ്റി ബാലചന്ദ്രനെ ഒരു പക്ഷേ നിങ്ങൾക്ക് അത്ര പരിചയം കാണില്ല. കേരളത്തിലെ മുൻനിര പരസ്യ മോഡലൊക്കെയാണ് കക്ഷി. എന്നാലും ബ്രൈറ്റിയുടെ മുഖമറിയുന്നവർ പോലും അവളുടെ പേരിൽ അവളെ തിരിച്ചറിഞ്ഞെന്നുവരില്ല. മൈഥിലി എന്ന്ണ്ടു പറഞ്ഞാലൊരുപക്ഷേ ഇന്നവളെ മലയാളി തീർച്ചയായും തിരിച്ചറിയും. മാണിക്ക്യം മൈഥിലി എന്നുകൂടി പറഞ്ഞാൽ ഉറപ്പായും. പാലേരി മാണിക്ക്യം ഒരു പാതിരാ കൊലപാതകത്തിന്റെ കഥയിൽ സംവിധായകൻ രഞ്ജിത് പരിചയപ്പെടുത്തിയ മൈഥിലിയാണ് ഈ പാവം ബ്രൈറ്റി എന്നറിയുക. പാലേരി മാണിക്യം ഒരു കൊലപാതകത്തിന്റെ കഥ, ചട്ടമ്പിനാട്, നല്ലവൻ, ശിക്കാർ തുടങ്ങിയ സിനിമകളിലഭിനയിച്ച കഴിഞ്ഞ മൈഥിലി സംസാരിക്കുന്നു.

**ബ്രൈറ്റി എങ്ങനെ മൈഥിലിയായി? ആ കഥയിൽ തുടങ്ങാം....**

അച്ഛൻ ബാലചന്ദ്രൻ ദുബായിൽ ബാങ്ക് അക്കൗണ്ടന്റായിരുന്നു. അമ്മ ദീനാ ബാലചന്ദ്രൻ പക്കാ ഹൗസ് വൈഫ്. ചേട്ടൻ ബിബിൻ ഖത്തറിൽ. ഭാര്യ ജസിക. കുട്ടി ബ്രീന. പ്ളസ്ടു വരെ കോന്നിയിലാണ് പഠിച്ചത്. അതു കഴിഞ്ഞ് കംപ്യൂട്ടർ കോഴ്സിനായി കൊച്ചിയിൽ വന്നു. കോഴ്സിന്റെ പേര് പറഞ്ഞാണ് പോന്നതെങ്കിലും എന്റെ സ്വപ്നങ്ങളിലേക്കുള്ള കിളിവാതിലായിരുന്നു കൊച്ചി. ഒരു സുപ്രഭാതത്തിൽ തോന്നി,എയർഹോസ്റ്റസ് ആയാലോ? എയർഹോസ്റ്റസ് ട്രെയിനിംഗ് കഴിഞ്ഞു. വീണ്ടും നാട്ടിലേക്ക് മടങ്ങി. ബികോം കറസ്പോൻസായി പഠിച്ചു. കൊച്ചിയിലേക്ക് മടങ്ങി. ഒരു ദിവസം കൂട്ടുകാരിക്കൊപ്പം ഒരു പരസ്യ ഏജൻസിയിൽ കൂട്ട് പോയി. അവർ ചോദിച്ചു: ''കോംപയർ ചെയ്യാമോ?'' പറ്റുമെന്ന് തട്ടിവിട്ടു. ആ പരീക്ഷണം വിജയിച്ചു. മോഡലിംഗ് താത്പര്യമായിരുന്നു. അങ്ങനെ റിലയൻസ്, മനോരമ, ഭീമ. . . പ്രമുഖ ബ്രാൻഡുകളുടെ ഇരുപതോളം പരസ്യങ്ങൾ.

അപ്പോഴും സിനിമയിൽ എത്തിപ്പെടുമെന്നു വിചാരിച്ചില്ല. എന്റെ ഫോട്ടോ ആരോ രഞ്ജിത്ത് സാറിന് അയച്ചു കൊടുത്തു. ഫോട്ടോ ഇഷ്ടപ്പെട്ട് രഞ്ജിത്ത് സർ വിളിച്ചു. വലിയ സംവിധായകൻ വിളിക്കുമ്പോൾ ആരും രണ്ടാമതൊന്ന് ആലോചിക്കാതെ യേസ് പറയും. എന്റെ പൊട്ട ബുദ്ധിയിൽ ഞാൻ തുറന്ന് ചോദിച്ചു. ''ആരാണ് ഹീറോ?'' പുതുമുഖം അങ്ങനെയൊന്നും ചോദിക്കാൻ പാടില്ലെന്ന് അന്ന് എനിക്കറിയില്ലായിരുന്നു. ആകാംക്ഷ കൊണ്ടാണ് ഞാൻ അങ്ങനെ ചോദിച്ചത്. അദ്ദേഹം പറഞ്ഞു:''മമ്മൂട്ടി''

''ഇന്ന് കാണാൻ പറ്റുമോ?'' എന്ന് അദ്ദേഹം ചോദിച്ചു. ഞാൻ തിരിച്ച് ചോദിച്ചു:''നാളെ വന്നാൽ പോരേ?''

അദ്ദേഹം സമ്മതിച്ചു. വളരെ കാഷ്വൽ ആയാണ് പോയത്. മെഡിമിക്സ് അനൂപായിരുന്നു പ്രൊഡ്യൂസർ. അവരുടെ പരസ്യത്തിൽ ഞാൻ അഭിനയിച്ചിട്ടുണ്ട്. അദ്ദേഹം എന്നെ കണ്ട് അത്ഭുതത്തോടെ ചോദിച്ചു. ''അയ്യോ, ഇത് നമ്മുടെ കുട്ടിയല്ലേ?''

ഫോട്ടോഷൂട്ട് നടത്തി. എണ്ണതേച്ച് കറുത്ത പൊട്ട് ഒക്കെ തൊട്ട് അസൽ പട്ടിക്കാട്ടുകാരി. അങ്ങനെ ഒറ്റ ദിവസം കൊണ്ട് ഞാൻ മാണിക്യമായി മാറി. രഞ്ജിത്ത് സാറാണ് എന്റെ പേര് മൈഥിലി എന്നാക്കിയത്. രണ്ട് കാരണങ്ങളാണ് അദ്ദേഹം പറഞ്ഞത്. ഒന്ന് ബ്രൈറ്റി എന്ന പേര് ഒരു നടിക്ക് യോജിച്ചതല്ല. രണ്ട് മാണിക്യം എന്ന നാടൻ കഥാപാത്രം ചെയ്യുന്നയാളുടെ പേരിലും ആ ഒരു ടച്ച് വരണം. അങ്ങനെ പാവം ബ്രൈറ്റി ബാലചന്ദ്രൻ മൈഥിലിയായി.

**മാണിക്യം മൈഥിലിയുടെ ജീവിതമാകെ മാറ്റി മറിച്ചു അല്ലേ?**

സിനിമ ഇറങ്ങിയതോടെ ആളുകൾ എന്നെ മാണിക്യം എന്ന് വിളിക്കാൻ തുടങ്ങി. അപ്പോഴും എനിക്ക് വിഷമം തോന്നിയില്ല. കഥാപാത്രം ഇഷ്ടപ്പെട്ടതുകൊണ്ടാണല്ലോ അവർ വിളിക്കുന്നത്. ചുരുക്കത്തിൽ എനിക്ക് ഇപ്പോൾ മൂന്ന് പേരായി. ഇതിൽ ഏതാണ് യഥാർത്ഥ പേരെന്ന് എനിക്കു തന്നെ തിരിച്ചറിയാത്ത അവസ്ഥ. സിനിമയിൽ തിരക്കായ ശേഷമാണ് ഞങ്ങൾ കോന്നിയിൽ നിന്ന് കൊച്ചിയിലേക്ക് ഷിഫ്റ്റ് ചെയ്യുന്നത്. പനമ്പള്ളി നഗറിൽ ഒരു ഫ്ളാറ്റ് വാങ്ങി. ഇപ്പോഴും ഇടയ്ക്കൊക്കെ ഞാൻ നാട്ടിലേക്ക് പോകും. ഞങ്ങൾക്ക് അവിടെ കുറച്ച് റബ്ബർ തോട്ടമുണ്ട്.

ശരിക്കുള്ള എന്റെ സുഹൃത്തുക്കൾ എന്റെ നാട്ടിൽ എനിക്കൊപ്പം പഠിച്ചവർ തന്നെയാണ്. ഞങ്ങൾ ഒരു ഗ്യാങ്ങുണ്ട്. വൈശാഖ്, ഗോപിക, മണിക്കുട്ടൻ... അൽപ്പസമയം കിട്ടിയാൽ ഞങ്ങൾ ഒരുമിച്ച് കൂടാൻ ശ്രമിക്കും. ഞാൻ കൊച്ചിയിലുള്ളപ്പോൾ അവർ ഇവിടെയും വരും. ഇപ്പോൾ ഞങ്ങൾക്ക് ഒരുമിച്ച് കൂടാൻ മാത്രമായി ഓരോരുത്തരും ഓരോ കോഴ്സിന്റെ പേര് പറഞ്ഞ് കൊച്ചിയിലുണ്ട്. അവർ കൂടെയുള്ളത് നമുക്ക് ഒരു പോസിറ്റീവ് എനർജി നൽകും. ആദ്യ സിനിമയിൽ ഞാൻ ആവശ്യപ്പെടാതെ തന്നെ നല്ല കഥാപാത്രം വീണുകിട്ടി. അത് ഭാഗ്യം. ചട്ടമ്പിനാടിൽ ചെറിയ റോളായിരുന്നു. മമ്മൂക്ക സ്നേഹപൂർവം നിർബന്ധിച്ചപ്പോൾ ചെയ്തതാണ്. നല്ലവനിൽ തെറിച്ച പെണ്ണായ മല്ലിക. ശിക്കാറിൽ ഗായത്രി എന്നാണ് പേര്. ജഗതിയുടെ മകൾ. ഭാര്യ മരിച്ചു പോയ ലാലേട്ടനെ സഹതാപം തോന്നി പ്രണയിക്കുന്ന കഥാപാത്രം. അന്യഭാഷയിൽ നിന്ന് നല്ല ഓഫർ വന്നാൽ ചെയ്യണമെന്നുണ്ട്. പക്ഷേ നിലനിൽപ്പിനായി ഗ്ളാമർ വേഷങ്ങൾ ചെയ്യില്ല. നാളെയും എനിക്ക് എന്റെ കൂട്ടുകാരെ ഫേസ് ചെയ്യേണ്ടതാണ്. പിന്നെ പണത്തിന് അത്ര അത്യാവശ്യമുള്ളയാളല്ല ഞാൻ. പണത്തോട് അത്യാർത്തിയുമില്ല. ഒരു പാട് പടങ്ങൾ വാരിവലിച്ച് ചെയ്യാനും ഉദ്ദേശമില്ല. അഭിനയ സാധ്യതയുള്ള നല്ല കഥാപാത്രങ്ങളാണ് ലക്ഷ്യം.

**പ്രണയം ....**

പ്രണയം ചൂടു വെള്ളം പോലെയാണ്. ഒരിക്കൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും അറയ്ക്കും, ഭയക്കും. അത്ര നല്ല അനുഭവമാണ് പ്രണയം എനിക്ക് തന്നത്. അതുകൊണ്ട് എത്ര കൊടികെട്ടിയ റോമിയോ കിണഞ്ഞു ശ്രമിച്ചാലും ഈ മാണിക്യത്തെ വലയിലാക്കുക അത്ര എളുപ്പമല്ല. പ്രണയത്തിൽ നിന്ന് ഞാൻ പഠിച്ച പാഠം ഇതാണ്. പക്വതയില്ലായ്മയിൽ നിന്ന് സംഭവിക്കുന്നതാണ് പ്രണയപരാജയം. ഇപ്പോൾ ഞാൻ ഫ്രീബേർഡാണ്. ആര് പുഷ്പശരം തൊടുത്താലും ഈ കിളിയുടെ മേൽ തറയ്ക്കില്ല. കിളി അങ്ങനെ പറന്നു കൊണ്ടിരിക്കുകയല്ലേ?


**എന്തിനോടാണ് ക്രേസ് ?**

തുറന്ന് പറഞ്ഞാൽ ആളുകൾ എന്നെ കളിയാക്കും. ചെരിപ്പുകളോട്. അവരാണ് എന്റെ ബലഹീനത. പൂവാലൻമാരെ കൈകാര്യം ചെയ്യാനൊന്നുമല്ല കേട്ടോ ഇത്രയും വിപുലമായ ചെരിപ്പ് ശേഖരം. ഭംഗിയുള്ള പലതരം ചെരിപ്പുകൾ മാറിമാറിയിട്ട് നടക്കുന്നത് എനിക്ക് ഒരു രസമാണ്. ചരിപ്പുകളും ഡ്രസുകളൂം തന്നെയാണ് എന്റെ ഷോപ്പിംഗിലെ പ്രധാന ലക്ഷ്യങ്ങൾ. അൾട്രാ മോഡേൺ വസ്ത്രങ്ങൾ വാങ്ങാറില്ല. കാഷ്വൽസാണ് കൂടുതലും ഉള്ളത്. ഒന്നിനോടും അനിഷ്ടം സൂക്ഷിക്കാറില്ല. പറയാനുള്ളത് മുഖത്തു നോക്കി പറയും. സ്ഥായിയായ ഇഷ്ടക്കേട് ഇല്ലെന്ന് സാരം. ഇഷ്ടങ്ങളും ആഗ്രഹങ്ങളും ഒരുപാടുണ്ട പലതും പുറത്ത് പറയാൻ കൊള്ളില്ല. ഞാൻ അൽപ്പം ഷോർട്ട് ടെംപേഡാണ്. ഏതു കാര്യത്തിനും പ്രതികരിക്കും. എന്നു കരുതി വഴക്കാളിയൊന്നുമല്ല കേട്ടോ. കാര്യമാത്ര പ്രസക്തമായ കാര്യങ്ങൾക്കാണ് ഞാൻ വഴക്കിടാറുള്ളത്. എന്റെ ഇഷ്ടങ്ങൾക്കും വിശ്വാസങ്ങൾക്കുമെല്ലാം ചില പ്രത്യേകതകളുണ്ട്. ജന്മം കൊണ്ട് ഹിന്ദുവാണെങ്കിലും പള്ളിയിലും അമ്പലത്തിലും മോസ്കിലും എല്ലാം പോകാറുണ്ട്. ക്രിസ്മസും ഓണവും റംസാനുമെല്ലാം ഒരുപോലെ ആഘോഷിക്കും.

മേക്കപ്പിനോട് അലർജിയുള്ള കൂട്ടത്തിലാണ് ഞാൻ. കയ്യിൽ കിട്ടുന്ന വസ്ത്രങ്ങൾ ധരിക്കും. അണിഞ്ഞൊരുങ്ങുന്ന പതിവില്ല. ആഭരണങ്ങൾ തീരെയില്ല. മാല, സ്റ്റഡ്സ് ഒന്നുമില്ല. കാതിൽ പോലും ഇടാത്ത പെൺകുട്ടിയെ പറ്റി ഒന്ന് ചിന്തിച്ച് നോക്കൂ. മഹത്വമായി പറയുന്നതല്ല. എന്റെ ഒരു രീതി അതാണ്. എന്തായാലും ക്യാമറയ്ക്ക് മുന്നിൽ നമ്മൾ ഒരുങ്ങണം. എങ്കിൽ സ്വകാര്യ ജീവിതത്തിൽ എങ്കിലും സിംപിളായി നടന്നൂടേ?പിന്നെ നമ്മൾ ഒരുങ്ങി നടന്നാൽ ആളുകൾ പറയും. അവള് മുഴുവൻ മേക്കപ്പല്ലേ? മേക്കപ്പ് സുന്ദരിയാക്കും എന്ന് വിശ്വസിക്കുന്നില്ല. ഉള്ള ഭംഗി ജ്വലിപ്പിക്കാൻ സാധിക്കും. കണ്ണും മൂക്കും ചുണ്ടും ഹൈലൈറ്റ് ചെയ്യാൻ മേക്കപ്പ് ചെയ്യണം.

സ്കൂളിൽ പഠിക്കുന്ന കാലത്ത് ഞാൻ ഭയങ്കര മേക്കപ്പ് ഭ്രാന്തിയായിരുന്നു. ഒരുങ്ങിയിറങ്ങാൻ എപ്പോഴും വൈകും. കഴുത്തിൽ ഒരു കണ്ണാടി കെട്ടിത്തൂക്കാൻ അച്ഛൻ പറയും. പ്ളസ്ടു സമയത്ത് ഒക്കെ കണ്ണെഴുതി പൊട്ടു തൊട്ടേ പുറത്ത് ഇറങ്ങൂ. ഇപ്പോൾ വലിച്ചുവാരി ഒറ്റയിറക്കമാണ്. കണ്ണെഴുതുന്ന പ്രസ്ഥാനമേയില്ല.







emami
FAIR AND HANDSOME
ഇപ്പോൾ ഹാൻഡ്സം ആവുക വളരെയെളുപ്പം
പുരുഷൻമാർക്കായുള്ള ഇമാമി ഫെയർ ആൻഡ് ഹാൻഡ്സം ആധുനിക വൈററ്നിങ്ങ് ക്രീം ഉപയോഗിച്ച്
ഇരട്ടി-ശക്തിയുള്ള
പുരുഷൻെറ പരുക്കൻ ചർമ്മത്തിനുള്ളിൽ കടന്ന് മെലാനിൻ നിയന്ത്രിക്കുന്നു
5 സവിശേഷ ശക്തികളോടുകൂടി
വെളുപ്പ് നിറമേകുന്നു
ഈർപ്പമേകുന്നു
സൂര്യകിരണങ്ങളിൽ നിന്നും പരിരക്ഷിക്കുന്നു
കുളിർമ നൽകുന്നു
രോഗാണുക്കളെ നശിപ്പിക്കുന്നു
"ഇനി പെൺകുട്ടികൾക്കുള്ള ക്രീം നമുക്ക് വേണ്ട വേണ്ട!" ഷാരുഖ് ഖാൻ
emami
ADVANCED WHITENING CREAM FOR MEN
FAIR AND HANDSOME
5 വിശേഷ ശക്തിയുള്ള വൈറ്റനിങ്ങ് സിസ്റ്റം
perceptgulf

മൂവീറിവ്യൂ

# രാമനിൽ നിന്നിറങ്ങുകയും ചെയ്തു രാവണനൊട്ടായതുമില്ല...

നായർജി





തുടക്കക്കാരുടെ സിനിമകൾക്ക് ഒരു കുഴപ്പമുണ്ട്. എങ്ങെയെങ്കിലും പൂർത്തിയായാൽ മതി എന്ന അത്യാഗ്രഹത്തിൽ പലതിനോടും ഒത്തുതീർപ്പിനൊരുങ്ങിയും പലതിനും വഴങ്ങിയും വിട്ടുവീഴ്ചചെയ്തുമായിരിക്കും നവാഗതസംവിധായകരിൽ ബഹുഭൂരിപക്ഷത്തിന്റെയും കന്നിസംരംഭങ്ങൾ വെളിച്ചം കാണുക. സ്വാഭാവികമായി, തുടക്കക്കാരുടേതായ നോട്ടക്കുറവുകൾക്കും കൈകുറ്റപ്പാടുകൾക്കുമുപരി ഈ വിട്ടുവീഴ്ചകൾ ഗുണത്തേക്കാളേറെ സിനിമയ്ക്കു ദോഷമാവുകയും ചെയ്യും. സിനിമയിൽ നവാഗതനായ ബിജുവട്ടപ്പാറയുടെ കാര്യവും വ്യത്യസ്തമെന്നു പറഞ്ഞുകൂടാ. മാധവിക്കുട്ടിയുടെ അതിമനോഹരമായ മനോമി എന്ന കഥയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട്, ഒരു കഥയുടെ ചുറ്റിലും മറ്റൊരു കഥ ബുദ്ധിപരമായി മെനഞ്ഞെടുത്തുകൊണ്ടാണ് രാമ രാവണൻ എന്ന സിനിമയ്ക്ക് ബിജുവട്ടപ്പാറ തിരക്കഥയെഴുതിയിട്ടുള്ളത്. പക്ഷേ വ്യക്തിപരമായി പറഞ്ഞാൽ രാമരാവണൻ എന്ന പേരിൽ തന്നെയാണ് ബിജുവിന്റെ ആദ്യ വീഴ്ച. പകർപ്പവകാശനിയമം മറികടക്കാനുള്ള കുറുക്കുവഴിയായിരുന്നോ എന്നൊന്നും അറിയില്ല. എങ്കിലും ഈ ചിത്രത്തിന് മനോമി എന്ന പേരുതന്നെയായിരുന്നു ഉചിതം.

നല്ലൊരു കഥയും, മികച്ച അഭിനേതാക്കളും ഉണ്ടായിട്ടും ബിജുവിന്റെ ചലച്ചിത്രസമീപനരീതി പ്രതീക്ഷനൽകുന്നതായിട്ടും ചിത്രം അർഹിക്കുന്ന വിജയം നേടിയെടുത്തില്ല എന്നുവരികിൽ ബിജുവും നിർമ്മാതാവും ആത്മവിമർശനത്തോടെ പുനരവലോകനം ചെയ്യേ ചില പോയിന്റുകൾ മാത്രം മുന്നോട്ടുവച്ചാൽ അത് ഈ സിനിമയുടെ ഭേദപ്പെട്ട ഒരവലോകനമായിത്തീർന്നേക്കും.

ഒന്നാമതായി, ഈ സിനിമയുടെ ജനുസ്സിനെപ്പറ്റിയുള്ള സംവിധായകന്റെയും നിർമ്മാതാവിന്റെയും സന്ദിഗ്ധാവസ്ഥ ചിത്രത്തിലൂടനീളം വ്യക്തമാണ്. മനോമിയെ രാമരാവണനാക്കുക വഴി, ഇതിനെ ഒരു കുടുംബചിത്രമായയാണോ, സമാന്തരസിനിമയായയാണോ, ആക്ഷൻ കമ്പോള സിനിമയായയാണോ സ്രഷ്ടാക്കൾ വിഭാവനചെയ്തതെന്നത് അവ്യക്തം. ഇത്തരമൊരു വർഗ്ഗീകരണത്തിൽ പ്രസക്തിയില്ലെന്നു വാദിച്ചാലും ചിത്രം പുലർത്തുന്ന ചലച്ചിത്രസമീപനം ദഹിക്കാവുന്നതല്ല.

2. ഇതുപോലെ കാമ്പുള്ളൊരു വിഷയം ചലച്ചിത്രമാക്കുമ്പോൾ പുലർത്തേ അടിസ്ഥാനപരമായ ചില നിർവഹണ സൂക്ഷ്മതകളിൽ ആവശ്യമായ ശ്രദ്ധ നൽകി കാണുന്നില്ല. ഉദാഹരണത്തിന് ഒരു വ്യാഴവട്ടം മുമ്പ് മനോമി നാട്ടിലെത്തുമ്പോഴത്തെ സംഭവങ്ങളിലെ അനക്രോണിസംകാലികമല്ലാത്ത പലതും, ആടയാഭരണങ്ങളിൽ തുടങ്ങി വാഹനങ്ങളിലും ദേശകാലങ്ങളിലും പശ്ചാത്തലത്തിലും പുലർത്തിയ കുറ്റകരമായ അനാസ്ഥ. ഇത് തീർച്ചയായും അൽപം ശ്രദ്ധകൊണ്ട് പരിഹരിക്കാവുന്നതേ ഉണ്ടായിരുന്നുള്ളൂ. വിശേഷിച്ച് ബൊലേറോ പോലൊരു വാഹനവും അതിന്റെ കെ.എൽ തുടങ്ങിയ റജിസ്ട്രേഷൻ നമ്പറും, കൃഷ്ണയടക്കമുള്ളവരുടെ ആധുനിക വസ്ത്രധാരണശൈലിയും നല്ലൊരു കലാസംവിധായകന് ഒഴിവാക്കാവുന്നതല്ലേ?

3. തമിഴ് അസ്തിത്വമുള്ള കഥയിൽ മലയാളം പറിച്ചുവച്ചപ്പോഴത്തെ അസ്കിത. കഥ വായിച്ചിട്ടില്ലാത്ത ഒരു ശരാശരി പ്രേക്ഷകന്, ഈ സിനിമയിലെ ഭാഷയും സംസ്കാരവും തദ്ദേശീയവും രാഷ്ട്രീയവുമായ സൂചനകളുമൊന്നും ഒരെത്തും പിടിയും കിട്ടില്ല. തമിഴ് ക്ഷേത്രത്തിൽ തൊഴാനെത്തുന്ന നായികയ്ക്ക് തീർഥവും പ്രസാദവും കൊടുത്ത് വള്ളുവനാടൻ സംഭാഷണമുരുവിടുന്ന പൂജാരി. അണ്ണാദുരൈ എന്ന അമ്മാവൻ. അന്വേഷണത്തിനെത്തുന്ന കേരളത്തിലെ പൊലീസ്... ആകെക്കൂടി ചക്കകുഴയും പോലെ കുഴഞ്ഞ ട്രീറ്റ്മെന്റ്.

4. പശ്ചാത്തലസംഗീതമാണ് ഈ സിനിമയിലെ ഏറ്റവും വികലവും വൈകൃതവുമായ ഘടകം. സിനിമയിൽ സംഗീതം ടെലിവിഷൻ സീരിയലിതിന്റേതിൽ നിന്ന് വ്യത്യസ്തമായൊരു ധർമ്മമാണനുഷ്ഠിക്കുന്നത്. സിനിമയിലെ ആദ്യ ഫ്രെയിം തുടങ്ങുന്നതുമുതൽ അവസാനഫ്രെയിം വരെ കാതടപ്പിക്കുന്ന സംഗീതം എന്നത് കാലഹരണപ്പെട്ട, പണ്ട് ശ്യാമും എസ്. പി. വെങ്കിടേഷും ഇടക്കാലത്ത് രാജാമണിയും മാത്രം ഉപയോഗിച്ചു പാഴാക്കയ സംസ്കാരമാണ്. സംഗീതം രംഗത്തിന്റെ വൈകാരികതയ്ക്കുള്ള ശബ്ദപഥത്തിന്റെ അടിവരയാണ്. അതറിയാതെ സംഗീതം ഘോരഘോരം ഉപയോഗിക്കുന്നത് ചിത്രത്തിന്റെ മൊത്തത്തിലുള്ള സംവേദനത്തെത്തന്നെ ബാധിച്ചുവെന്നു പറയാതെ വയ്യ. കൈതപ്രത്തിന് ഇതെന്തുപറ്റി?

5. ഛായാഗ്രഹണത്തിൽ ഫ്രെയിം കംപോസിഷൻ അപാരമാണ് എന്നുള്ളതുപോലെ തന്നെ, അതിന്റെ ഗ്രേയ്ഡിംഗിൽ കണ്ട അശ്രദ്ധ അതിന്റെ ആസ്വാദനക്ഷമതയെ നന്നായി ബാധിക്കുന്നു. ഓർവോ പോലെയോ ഫ്യൂജി പോലെയോ ഉള്ള വില കുറഞ്ഞ ഫിലിം ഉപയോഗിച്ചതുകൊണ്ടാണോ കളർ ഗ്രേയ്ഡിംഗിലെ ഈ വ്യതിയാനം എന്നറിയില്ല. ഏതായാലും ഇതിലൊരു ശ്രദ്ധക്കുറവ് ചിത്രത്തിൽ പ്രത്യക്ഷമാണ്.

6. കമ്പോളവിജയത്തിന് സുരേഷ്ഗോപിയുടെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമായിരിക്കാം. എന്നാൽ തിരുശെൽവത്തെ മാധവിക്കുട്ടി മനസ്സിൽ കണ്ടത് വെളുത്തു തുടുത്ത സുരേഷ്ഗോപിയുടെ രാജകലയിലായിരിക്കുമോ? അതോ കറുത്ത് ആദിദ്രാവിഡന്റെ ശരീരഭാഷ പങ്കിടുന്ന പശുപതിയെപ്പോലൊരഭിനേതാവിലായിരിക്കുമോ? കാസ്റ്റിംഗിലെ ഈ സന്ദേഹാവസ്ഥ നെഗറ്റീവ് കഥാപാത്രങ്ങൾക്ക് കൃഷ്ണയേയും കിരൺരാജിനെയും പോലുള്ളവരെ തന്നെ തെരഞ്ഞെടുക്കുന്നതിൽ പ്രകടമായിട്ടുള്ളതും. ഇതിൽ ചേർച്ചയുള്ള വേഷമുള്ളത് ലെനയ്ക്കാണെന്നു തോന്നുന്നു. അതവർ സുമംഗളമാക്കുകയും ചെയ്തു.



സീരിയലിന്റെ കഥാകഥനശൈലിയുടെ ദുഃസ്വാധീനം പല സീനുകളിലും സീക്വൻസുകളിലും പ്രകടമാണെങ്കിലും ബിജു വട്ടപ്പാറയുടെ സമീപനത്തിൽ പുതുമയുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ആദ്യ സിനിമ നമുക്കു വിടാം. അടുത്തതാണ് പ്രധാനം. കാരണം കന്നി സിനിമ ബംബർ ഹിറ്റായ എത്രയോ സംവിധായകരെ പിന്നീടു കാണാൻ പോലും കിട്ടിയിട്ടില്ലാത്ത നാടാണ് കേരളം. അതുകൊണ്ട് ആദ്യത്തെ സിനിമ വിടാം. പക്ഷേ അടുത്തതിൽ ശ്രദ്ധിക്കുക. ■




*UAE Vice President and Prime Minister and Ruler of Dubai HH* ***Sh. Mohamad bin Rashid Al Maktroum*** *received businessmen on the occassion of* ***Ramadan at Zabeel Palace in Dubai****. Members of business community including Yusuffali MA and leaders of various international companies exchanged Ramadan Greetings to the Ruler of Dubai.*
*Sh. Hamdan bin Mohamad bin Rashid Al Maktoum, Crown Prince of Dubai,*
*Sh. Maktoum bin Mohamad bin Rashid Al Maktroum, Deputy Ruler of Dubai were present on the occassion.*


THE CALICUT TIMES
മലയാളനാട്

مليال نادو لتجارة الصحف و المجلات
Malayala Nadu
Newspaper & Distribution Trading

## നിങ്ങളുടെ പ്രിയപ്പെട്ട 'മലയാളനാട്' ഇപ്പോഴിതാ നിങ്ങളുടെ വിരൽത്തുമ്പിൽ

മലയാളനാട് പത്രത്തിന്റെ ഓരോ ലക്കവും ഇനി മുതൽ ഇ-മെയിലായും നിങ്ങൾക്ക് ലഭ്യമാകുന്നു.
അതിനായി നിങ്ങളുടെ ഇ-മെയിൽ വിലാസം ഉടൻ തന്നെ **050 9824069** എന്ന നമ്പരിലേക്ക് **sms** ചെയ്യുകയേ വേണ്ടൂ.

**ആനുകാലിക പ്രാധാന്യമുള്ള വാർത്തകൾ,ഫോട്ടോകൾ എന്നിവ പ്രസിദ്ധീകരണത്തിനായി ഞങ്ങളുടെ വിലാസത്തിൽ അയച്ചുതരിക**

## Malayalanaadu Newspaper & Distribution Trading LLC

P.O.Box 122410, Dubai, Tel:**+971 4 257 88 22** Fax: **+971 4 262 64 31,** email: news@malayalanaadu.com

# അൽ ബുസ്താൻ റൊട്ടാന ഹോട്ടലിൽ നടന്ന ഡി എം ഹെൽത്ത് കെയർ ഇഫ്താർ മീറ്റ്



Ramadan Greetings

ഡി എം ഹെൽത്ത് കെയർ ഇഫ്താർ മീറ്റിൽ ഡോ. ആസാദ് മൂപ്പൻ, ദുബൈ ഇന്ത്യൻ കോൺസുൽ ജനറൽ സഞ്ജയ് വർമക്കൊപ്പം




ഡി എം ഹെൽത്ത് കെയർ ഇഫ്താർ മീറ്റിൽ ഡോ. ആസാദ് മൂപ്പൻ, നഹിദ് മഹ്മൂദ് ഖലീലിനൊപ്പം



ഡി എം ഹെൽത്ത് കെയർ ഇഫ്താർ മീറ്റിൽ ഡോ. ആസാദ് മൂപ്പൻ, കാസിം അൽ ഹമ്മാദിക്കൊപ്പം








*Ramadan Greetings*

ഡി എം ഹെൽത്ത് കെയർ ഇഫ്താർ മീറ്റിൽ ഡോ. ആസാദ് മൂപ്പൻ, അബ്ദുല്ല എൻ എ, എം കെ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ എം എ അശ്റഫലി, ജലീൽ ഗ്രൂപ്പ് എം ഡി സമീർ കെ മുഹമ്മദ് എന്നിവർക്കൊപ്പം



ഡി എം ഹെൽത്ത് കെയർ ഇഫ്താർ മീറ്റിൽ ഡോ. ആസാദ് മൂപ്പൻ, അശ്റഫ് (ഗൾഫ്ന്യൂസ്), ഇ എം അശ്റഫ് (കൈരളി ടിവി) എന്നിവർക്കൊപ്പം



ഡി എം ഹെൽത്ത് കെയർ ഇഫ്താർ മീറ്റിൽ ഡോ. ആസാദ് മൂപ്പൻ, ഹുമൈദ് അൽ അമരി, ജമാൽ മുഹമ്മദ് അഹ്മദ് എന്നിവർക്കൊപ്പം



*Ramadan Greetings*

ഡി എം ഹെൽത്ത് കെയർ ഇഫ്താർ മീറ്റിൽ ഡോ. ആസാദ് മൂപ്പൻ, മലയാളനാട് മാനേജിംഗ് എഡിറ്റർ പോൾ ചാക്കോള, പി വി വിവേകാനന്ദ് (ഗൾഫ് ടുഡേ), എ പി ശംസുദ്ദീൻ, എ പി സമദ് എന്നിവർക്കൊപ്പം


Exotic fragrances all the way....
"Izzi"
Get Izzi Get LOVE
Izzi Body Mist
Exotic fragrances
available in
Dazzling love
Eternal love
Forever love
Magical love
Sweet love
True love
Izzi
BODY MIST
Available in all Leading Stores
axisintegrated
www.wcclg.com

■ ആദിവർമ്മ

# പീപ്പിൾസ് ചോയ്സ് അവാർഡിന് സച്ചിനും

സ്പോർട്സ് ലേഖകൻ:

ക്രിക്കറ്റിൽ ഒരു ദൈവമുണ്ടെങ്കിൽ അതു മറ്റാരുമല്ല, സച്ചിൻ ടെണ്ടുൽക്കർ മാത്രമാണെന്ന പതിവു ചൊല്ലിന് ഇതാ പിന്നെയും പിന്നെയും മഹത്വമുയരുന്നു. ഇത്തവണ പീപ്പിൾസ് ചോയ്സ് പുരസ്ക്കാരത്തിനാണ് ഇന്ത്യൻ മാസ്റ്റർ ബ്ലാസ്റ്ററെ തെരഞ്ഞെടുത്തിരിക്കുന്നത്. ഐസിസിസിയുടെ പീപ്പിൾസ് ചോയ്സ് അവാർഡിന്റെ പട്ടികയിൽ സച്ചിനുൾപ്പെടെ അഞ്ചുപേരെയാണ് ഷോർട്ട്ലിസ്റ്റ് ചെയ്തിരിക്കുന്നത്.

ഓസ്ട്രേലിയയുടെ മൈക്ക് ഹസി, ശ്രീലങ്കയുടെ മഹേല ജയവർദ്ധനെ, ഇംഗ്ളണ്ട് ക്യാപ്ടൻ ആൻഡ്രൂ സ്ട്രോസ്, ദക്ഷിണാഫ്രിക്കയുടെ ഡിവില്ലിയേഴ്സ് എന്നിവരാണ് മറ്റുള്ള താരങ്ങൾ. ഐ.സി.സി ക്രിക്കറ്റ് കമ്മിറ്റി ചെയർമാൻ ക്ളൈവ് ലോയിഡ് ചെയർമാനായ കമ്മിറ്റിയാണ് നാമനിർദ്ദേശം സമർപ്പിച്ചിരിക്കുന്നത്. പുറമേ, ഈ വർഷത്തെ ഐസിസി അവാർഡിന് ഇന്ത്യൻ ക്യാപ്റ്റൻ എം എസ് ധോണിയെയും വീരേന്ദർ സെവാഗ് എന്നിവരുൾപ്പടെ ഒൻപത് താരങ്ങളെയും നാമനിർദേശം ചെയ്തിട്ടുണ്ട്. ഇതിലും സച്ചിൻ ഉൾപ്പെട്ടിട്ടുണ്ട്. ഐസിസി ടെസ്റ്റ് പ്ലയർ ഒഫ് ദ ഇയർ, ഏകദിന പ്ലയർ ഒഫ് ദ ഇയർ, ക്രിക്കറ്റർ ഒഫ് ദ ഇയർ പുരസ്കാരങ്ങൾക്കാണ് ധോണി, സെവാഗ്, സച്ചിൻ എന്നിവരെ നാമനിർദേശം ചെയ്തത്. ഹാഷിം അംല, ജാക് കാലിസ്, ഷെയ്ൻ വാട്സൺ, ഡൗഗ് ബോളിംഗ്നർ, മഹേല ജയവർധനെ എന്നിവരാണ് ഈ പട്ടികയിലുള്ളത്.

പ്രഗ്യാൻ ഓജ, രവീന്ദ്ര ജഡേജ, സുരേഷ് റെയ്ന, വിരാട് കോലി എന്നിവരെ ഭാവിയുടെ താരത്തിനുള്ള പട്ടികയിൽ ഇടം നേടി. പീപ്പിൾസ് ചോയ്സ് പുരസ്ക്കാരത്തിന്റെ ഫലം സെപ്തംബർ 10 വരെ നടക്കുന്ന വോട്ടെടുപ്പിലൂടെയാണ് അറിയാനാവുക. ലോകത്തെമ്പാടുമുള്ള ക്രിക്കറ്റ് ആരാധകർക്ക് വോട്ടിംഗിൽ പങ്കെടുക്കാം. പീപ്പിൾസ് ചോയ്സിലും സച്ചിൻ മറ്റു താരങ്ങളെ കടത്തിവെട്ടുമെന്നു തന്നെയാണു പ്രതീക്ഷ.





# സേവാഗിന്റെ നൊമ്പരം, ക്രിക്കറ്റ് ആരാധകരുടെയും

ഇത് വീരുവിന്റെ മാത്രം നൊമ്പരമായിരുന്നില്ല, ലോകമെമ്പാടുമുള്ള ക്രിക്കറ്റ് ആരാധകരുടെ മൊത്തമായിരുന്നു. 99–ൽ ഒരു ബാറ്റ്സ്മാൻ പുറത്താവുമ്പോൾ അയ്യോ... എന്നു നെഞ്ചത്തു കൈവച്ചു പോകുന്ന അതേ വികാരം.. ഇത്തവണ വീരുവായിരുന്നു അതിനു ഇര. എന്നാൽ അതിനൊരു പ്രതികാരരായ വന്നതോടെയാണ് സ്പോർട്സ്മാൻ സ്പിരിറ്റ് ചോദ്യം ചെയ്യപ്പെട്ടത്. ലങ്കയിൽ നടക്കുന്ന ത്രിരാഷ്ട്ര ഏകദിന ക്രിക്കറ്റ് ടൂർണമെന്റായിരുന്നു വേദി. എതിരാളികൾ ലങ്കയും. ഇന്ത്യയ്ക്കെതിരേയുള്ള മത്സരം ലങ്ക ആറുവിക്കറ്റിനു തോറ്റെങ്കിലും അവസാന പന്തിൽ നോബോൾ എറിഞ്ഞ് വീരുവിന്റെ വീര്യം കെടുത്തുകയായിരുന്നു ലങ്ക. ക്രിക്കറ്റിനു ഒട്ടും ചേരാത്ത ഈ പ്രവർത്തനം കായിക ലോകത്തെ ഏറ്റവും വലിയ അപമാനമായി മാറുകയും ചെയ്തു. പതിനൊന്നു ഫോറും രണ്ടു സിക്സും പറത്തിയ വീരുവിനെ പിടിച്ചു കെട്ടാൻ ലങ്കൻ ബോളർമാർ ആവതും നോക്കിയെങ്കിലും കഴിഞ്ഞതേയില്ല. അതോടെയാണ്, ക്രിക്കറ്റിന്റെ മാന്യതയ്ക്കു ചേരാത്ത പ്രയോഗം പുറത്തെടുത്തത്. മത്സരത്തിൽ ഇന്ത്യയ്ക്കു ജയിക്കാൻ ഒരു റൺസ് വേണമെന്ന നിലയിൽ 99 ൽ നിൽക്കുയായിരുന്ന സേവാഗ് രൺദിവിന്റെ പന്ത് നേരിടുമ്പോഴായിരുന്നു വിവാദസംഭവം. സേവാഗിനു സെഞ്ചുറി നൽകാതെ രൺദിവ് മനഃപൂർവം നോബോൾ എറിഞ്ഞു. സേവാഗ് സിക്സർ നേടിയെങ്കിലും നോബോൾ വഴിയുള്ള റണ്ണിലൂടെ ഇന്ത്യ ജയിച്ചതിനാൽ സിക്സർ സ്കോർബോർഡിൽ കണക്കാക്കിയില്ല.

ഇന്ത്യയ്ക്കെതിരേ ടെസ്റ്റ് പരമ്പരയിലോ ത്രിരാഷ്ട്ര പരമ്പരയിലെ ആദ്യ മത്സരത്തിലോ രൺദിവ് ഒരു നോബോൾ പോലും എറിഞ്ഞിരുന്നില്ല. ഇതു മത്സരങ്ങളിൽ സംഭവിക്കുന്നതാണെന്നായിരുന്നു സേവാഗിന്റെ ആദ്യ പ്രതികരണം. പക്ഷേ, തുടർന്ന് പല മുൻതാരങ്ങളും ഇതിനെതിരേ രംഗത്തെത്തിയതോടെ സംഭവം ചൂടുപിടിച്ചു. പെരുമാറ്റച്ചട്ടമനുസരിച്ച് രൺദിവിനെതിരേ നടപടിയെടുക്കാമെന്നായിരുന്നു ഐസിസിയുടെ നിലപാട്. ഇതിനെതിരേ ലങ്കൻ ക്രിക്കറ്റ് ബോർഡ് ഉചിത നടപടി കൈക്കൊള്ളുമെന്നാണു പ്രതീക്ഷയെന്ന് ബിസിസിഐയും അറിയിച്ചിരുന്നു. അതോടെ, ലങ്കൻ ബോർഡിനു പ്രശ്നത്തിൽ ഇടപെടാതെ രക്ഷയില്ലെന്നായി.

ഇതേത്തുടർന്ന് സംഭവത്തെക്കുറിച്ച് അന്വേഷിച്ച് ലങ്കൻ ടീം മാനെജർ നിർദേശങ്ങൾ സമർപ്പിച്ചു. നിർദേശങ്ങൾ പഠിച്ച് തീരുമാനമെടുത്തത് ബോർഡ് ആറംഗ കമ്മിറ്റിയെ നിയമിച്ചു. അവർ കാര്യങ്ങൾ വിശദമായി പഠിച്ചു. രൺദിവിനോടു നോബോൾ എറിയാൻ ആവശ്യപ്പെട്ടതു തിലകരത്നെ ദിൽഷനാണെന്നായിരുന്നു റിപ്പോർട്ട്. സംഭവത്തെക്കുറിച്ച് അന്വേഷിച്ച ശ്രീലങ്കൻ ക്രിക്കറ്റ് മാനെജരുടെ റിപ്പോർട്ടിലാണ് ഇക്കാര്യമുണ്ടായിരുന്നത്.

ക്യാപ്റ്റൻ കുമാർ സംഗകാരയാണു നോബോൾ എറിയാൻ ആവശ്യപ്പെട്ടതെന്നായിരുന്നു ആദ്യ റിപ്പോർട്ട്. എന്നാൽ കവർ പോയിൻറിൽ ഫീൽഡ് ചെയ്യുകയായിരുന്ന ദിൽഷൻ സിംഹള ഭാഷയിൽ നോബോൾ എറിയാൻ ആവശ്യപ്പെടുകയായിരുന്നു എന്നാണ് കണ്ടെത്തൽ. അവസാന ഓവറിന്റെ എഡിറ്റ് ചെയ്യാത്ത വിഡിയോ ദൃശ്യങ്ങൾ ശ്രീലങ്കൻ ക്രിക്കറ്റ് ബോർഡ് ആവശ്യപ്പെട്ടിരുന്നു.

സംഭവം വലിയ നാണക്കേടായി മാറിയതോടെ, ലങ്കൻ സ്പിന്നർ സുരാജ് രൺദിവിന് ലങ്കൻ ക്രിക്കറ്റ് ബോർഡ് ഒരു മത്സരത്തിൽ നിന്ന് വിലക്കും പിഴ ശിക്ഷയും വിധിച്ചു. രൺദിവിനെ ഇതിനു പ്രേരിപ്പിച്ചത് തിലകരത്നെ ദിൽഷനാണെന്ന വെളിപ്പെടുത്തലായിരുന്നു ഏറെ ശ്രദ്ധേയം. ഇതോടെ ദിൽഷനും പിഴ കിട്ടി. ഒരു മത്സരത്തിലെ പ്രതിഫലമായിരുന്നു ദിൽഷനുള്ള പിഴ. മേലിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്ന് ക്യാപ്റ്റൻ കുമാർ സംഗക്കാരയ്ക്കു കർശന നിർദേശവും ലങ്കൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് നിർദേശിച്ചു. സംഭവം വിവാദമായതോടെ, ക്യാപ്റ്റൻ സംഗകാരയും രൺദീവും സേവാഗിനെ നേരിൽ കണ്ടു മാപ്പു ചോദിച്ചു.

എന്നാൽ, കിട്ടിയ ചാൻസ് വീരു പാഴാക്കിയില്ല. സെഞ്ചുറി നിഷേധിച്ചത് മനഃപൂർവ്വമാണെന്നു മനസിലായതോടെ, സേവാഗ് പരസ്യമായി തന്നെ രംഗത്തെത്തി.

സ്പോർട്സ്മാൻ സ്പിരിറ്റിന്റെ തരിമ്പു പോലും കാട്ടാത്ത രൺദീവിനെ പോസ്റ്റ് മാച്ച് റിസപ്ഷനിടെ സേവാഗ് രൂക്ഷമായി വിമർശിക്കുകയും ചെയ്തു. ടെസ്റ്റ് പരമ്പരയിലും ത്രിരാഷ്ട്ര കപ്പിലെ ആദ്യമത്സരത്തിലും നോബോളെറിയാത്ത രൺദീവ് മനഃപൂർവം നിയമം ലംഘിക്കുകയായിരുന്നുവെന്നാണു വീരുവിന്റെ ആരോപണം. മുൻപ് ലങ്കക്കാരിങ്ങനെ ചെയ്തിട്ടുണ്ടെന്ന്, കട്ടക്കിലെ ഒരു മത്സരത്തിൽ ഒരു റണ്ണിന്റെ വ്യത്യാസത്തിൽ സച്ചിൻ ടെണ്ടുൽക്കർക്ക് സെഞ്ചറി നഷ്ടമായത് ഓർമിപ്പിച്ചു സേവാഗ് ചൂണ്ടിക്കാട്ടുകയും ചെയ്തു. ലങ്കൻ നായകൻ സംഗക്കാരയും രൺദീവിനെ പിന്തുണച്ചില്ല.

അതേസമയം, രൺദീവും ക്രിക്കറ്റ് ശ്രീലങ്കയും ഖേദം പ്രകടിപ്പിച്ച പശ്ചാത്തലത്തിൽ സംഭവം അടഞ്ഞ അധ്യായമാണെന്ന് ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് വ്യക്തമാക്കി. ധാംബുള്ളയിലെ സംഭവത്തെക്കുറിച്ച് ഐസിസിക്കു പരാതിപ്പെടാൻ ഉദ്ദേശിക്കുന്നില്ല.

കളിയിൽ ഇതൊക്കെ സ്വാഭാവികം. പരമ്പരാഗത വൈരികളായ ഓസ്ട്രേലിയയും ന്യൂസിലൻഡും ഏറ്റുമുട്ടിയപ്പോൾ അണ്ടർ ആം വിവാദം വരെയുണ്ടായിട്ടുണ്ടെന്നും, 1981ലെ പരമ്പരയിൽ കീവി ബാറ്റ്സ്മാൻ ബ്രയൻ മക്കെയ്നെതിരേ ഗ്രെഗ് ചാപ്പൽ നടത്തിയ അണ്ടർ ആം പ്രയോഗത്തെ ഉദ്ധരിച്ച് ബിസിസിഐയിലെ ഒരു ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞു. അവസാനപന്തിൽ സിക്സറിലൂടെയുള്ള ടൈ ഒഴിവാക്കുന്നതിനാണു ചാപ്പൽ അണ്ടർ ആം എറിഞ്ഞത്. ■



ആദിവർമ്മ

# വിവാദങ്ങൾ അവസാനിക്കുന്നതേയില്ല, കോമൺവെൽത്ത് ഗെയിംസിനു ആര് മണികെട്ടും?

ഒക്റ്റോബറിൽ ആരംഭിക്കുന്ന കോമൺവെൽത്ത് ഗെയിംസിനായുള്ള തയാറെടുപ്പു വാർത്തകളല്ല, ഇപ്പോൾ മാധ്യമങ്ങളിൽ നിറയുന്നത്. മറിച്ച് തമ്മിൽതല്ലും, അഴിമതി ആരോപണങ്ങളും വല്ല്യേട്ടൻ ചമയലുമൊക്കെയാണ്. ആരോപണങ്ങളുടെ കറ വീണതിനു പിന്നാലെ വൻ താരങ്ങൾ ഗെയിംസിൽ നിന്നു വിട്ടുനിൽക്കുന്നുവെന്നും വാർത്ത പരന്നതോടെ, ഇന്ത്യൻ കായികമാമാങ്കത്തിന്റെ നിറപകിട്ടിനു കൂടിയാണ് ഇടിവുണ്ടായത്. എന്തായാലും, കോമൺവെൽത്ത് ഗെയിംസിന്റെ അധികാരി താൻ തന്നെയാണെന്നും ഇക്കാര്യത്തിൽ ആരും കുടപിടിക്കാൻ വരേണ്ടെന്ന പ്രസ്താവനയുമായി സുരേഷ് കൽമാഡി രംഗത്തെത്തിയതാണ് പുതിയ വാർത്ത. അഴിമതി ആരോപണങ്ങളെ ഭയന്ന് താൻ രാജിവയ്ക്കുമെന്ന് ആരും കരുതേണ്ടെന്ന് ഗെയിംസ് സംഘാടക സമിതി ചെയർമാൻ സുരേഷ് കൽമാഡി പരസ്യമായി വ്യക്തമാക്കി. അഴിമതി പുതിയ സംഭവമല്ലെന്നാണ് അദ്ദേഹത്തിന്റെ വാദം. എന്നാൽ, ഇന്ത്യൻ കായികചരിത്രത്തിലെ ഏറ്റവും വലിയ നിർണായകമായി മാറേണ്ടുന്ന ഗെയിംസിനെതിരേ ഇങ്ങനെ പരസ്പരം ചെളി വാരിയെറിയുമ്പോൾ ഇന്ത്യയുടെ പേരിനാണു പുറം ലോകത്ത് കളങ്കം ചാർത്തപ്പെടുന്നതെന്ന നഗ്നയാഥാർത്ഥ്യം ആരും തിരിച്ചറിയു



ന്നതേയില്ല. സുരേഷ് കൽമാഡിയും മണിശങ്കർ അയ്യറും തമ്മിലുള്ള അടിപിടിയിൽ കോൺഗ്രസും കൂടി കടന്നതോടെ സംഭവത്തിന് ഒരു രാഷ്ട്രീയ മാനവും വന്നിട്ടുണ്ട്. ഗെയിംസ് പരാജയപ്പെടുകയാണെങ്കിൽ താൻ സന്തോഷിക്കുമെന്നാണ് മണിശങ്കർ അയ്യർ പറയുന്നത്. കാര്യമെന്താണെങ്കിലും ഏതെങ്കിലും ഒരു ഇന്ത്യക്കാരനു പറയാൻ കൊള്ളാവുന്ന ഭാഷ ഇതാണോയെന്നു സുരേഷ് സംശയിച്ചാൽ നാം ആരെ കുറ്റം പറയും.

അധികാരങ്ങൾ വെട്ടിക്കുറച്ച് നിയന്ത്രിക്കാനാണ് പുതിയ സമിതിയെ നിയോഗിച്ചതെന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്നാണ് കൽമാഡിയുടെ പക്ഷം. ഗെയിംസ് സംഘാടനത്തിന്റെ ബോസ് താൻ തന്നെയാണ്. മന്ത്രിസഭാ ഉദ്യോഗസ്ഥ സമിതികൾക്കു തന്നെ നിയന്ത്രിക്കാനല്ല അധികാരം നൽകിയിരിക്കുന്നതു, സഹായിക്കാനാണ് എന്നൊക്കെ പറഞ്ഞാൽ അത് ആരു കേൾക്കാനാണ്? സമിതികൾ ഇപ്പോൾ വളരെയധികം സഹായിക്കുന്നുണ്ട്. തെറ്റുകൾ ചെയ്യാത്ത സാഹചര്യത്തിൽ, രാജിവയ്ക്കുമോ എന്ന ചോദ്യം പോലും പ്രസക്തമല്ലത്രേ. ഗെയിംസ് സംഘാടകസമിതി ചെയർമാൻ മാത്രമല്ല, ഒളിംപിക് കമ്മിറ്റി ചെയർമാൻ കൂടിയാണ് താനെന്നായിരുന്ന കൽമാഡിയുടെ പോർവിളി.

നല്ല രീതിയിൽ നടന്നിരുന്ന ഗെയിംസ് നിർമാണപ്രവർത്തനങ്ങൾക്കു മേൽ എന്നുമുതലാണ് അഴിമതി ആരോപണങ്ങൾ തുടരെത്തുടരെ വരാൻ തുടങ്ങിയതെന്നറിയില്ല. 15 ദിവസം മുൻപു വരെ എല്ലാം ഭംഗിയായി നടന്നുവരികയായിരുന്നു. ഒരു ക്യാംപെയ്ൻ പോലെയാണ് അഴിമതി വാർത്തകൾ മാധ്യമങ്ങൾ ആഘോഷിച്ചത്. വിദേശരാജ്യങ്ങൾ പോലും ഗെയിംസിന്റെ ഒരുക്കങ്ങൾ കണ്ട് അദ്ഭുതപ്പെട്ടിരുന്നു. നിലവാരമുള്ള ഗെയിംസ് തന്നെയാണ് എല്ലാവരും പ്രതീക്ഷിച്ചത്.



# താരപ്രഭ നഷ്ടപ്പെടുന്ന ഗെയിംസ്

ഡൽഹിയിൽ നടക്കുന്ന കോമൺവെൽത്ത് ഗെയിംസിൽ ഓസ്ട്രേലിയൻ നീന്തൽറാണി സ്റ്റെഫാനി റൈസ് ആണ് ആദ്യം വരില്ലെന്ന് അറിയിച്ചത്. പരുക്കായിരുന്നു പ്രശ്നം. എന്നാൽ, ഇപ്പോഴിതാ, ഗെയിംസിലെ ഇപ്പോഴത്തെ 100 മീറ്റർ ജേതാവ് ജമൈക്കയുടെ അസഫ പവലും പിന്മാറിയേക്കുമെന്നു സൂചന. പവൽ ഗെയിംസിനെത്താൻ പൂർണ സജ്ജനല്ലെന്നും ഗെയിംസിന്റെ ഷെഡ്യൂൾ പ്രശ്നമാണെന്നും താരത്തിന്റെ ഏജൻറ് പോൾ ഡൊയ്‌ലെ പറഞ്ഞു. അന്തിമ തീരുമാനം ഉടൻ കൈക്കൊള്ളും. സ്റ്റോക്ക്ഹോം, ലൻ, പാരിസ്, സൂറിച്ച് അത്‌ലറ്റിക് മീറ്റുകളിൽ നിന്ന് പരുക്കിനെത്തുടർന്നു പവൽ പിന്മാറിയിരുന്നു.

പവലിന്റെ നാട്ടുകാരനും 100,200 മീറ്ററുകളിലെ ലോക റെക്കോഡിനുടമയുമായ ഉസൈൻ ബോൾട്ടും ഗെയിംസിൽ നിന്നു പിന്മാറിയിരുന്നു. പൗള റാഡ്ക്ലിഫ്, ജെസീക്ക എന്നിസ്, ലെയ്റ്റൺ ഹ്യുയിറ്റ് തുടങ്ങിയ പ്രമുഖരും ഡൽഹിയിലെത്തുന്നില്ല. ഓസ്ട്രേലിയയുടെ ഇൻഡോർ ലോങ് ജംപ് ലോക ചാംപ്യൻ ഫാബ്രിസെ ലാപിയെറും ഗെയിംസിൽ പങ്കെടുത്തേക്കില്ലെന്നാണു സൂചന.

നിർമാണപ്രവർത്തനങ്ങൾ പൂർത്തിയാക്കാത്തതും സുരക്ഷാ പ്രശ്നങ്ങളുമാണ് ഗെയിംസിനെത്തുന്ന കാര്യത്തിൽ ലാപിയെർ ഇതുവരെ തീരുമാനമെടുക്കാത്തതിനു പിന്നിൽ. ഒക്റ്റോബറിൽ സീസണിന് ഇടവേളയെടുക്കുന്ന സമയത്താണ് ഗെയിംസ് എന്നതും മറ്റൊരു കാരണം. ഈ കാലയളവിൽ ഡൽഹിയിലെത്തി മത്സരിച്ചാൽ വിജയിക്കാമെന്ന പ്രതീക്ഷ കുറവെന്നും ലാപിയെർ. ലോക റാങ്കിങ്ങിൽ മൂന്നാം സ്ഥാനത്തുള്ള താരമാണ് ലാപിയെർ. ലോക സ്പ്രിൻറ് ചാംപ്യൻ ഉസൈൻ ബോൾട്ട്, ടെന്നിസ് താരങ്ങൾ സാമന്ത സ്റ്റോസർ, ലെയ്റ്റൺ ഹ്യുയിറ്റ്, ഹെപ്റ്റാത്ത്‌ലൺ താരം എന്നിസ്, ഒളിംപിക് ചാംപ്യൻ ഷെല്ലി ആൻഫ്രേസർ തുടങ്ങിയ മുൻനിര താരങ്ങൾ ഡൽഹി ഗെയിംസിൽ നിന്ന് പിൻമാറിയിരുന്നു











CHAKOLA'S
CHAKOLAS
TOOTHPASTE
Unmatched Good Taste
& Freshness
Free
Hi-Tech
Electronic
Toothbrush
ചുരുങ്ങിയ കാലത്തേക്ക് മാത്രം
അവിശ്വസനീയമായ ഓഫർ
11 ദിർഹം മുടക്കി 2 ചാക്കോളാസ് ടൂത്ത്പേസ്റ്റ്
വാങ്ങുമ്പോൾ 35 ദിർഹം വിലയുള്ള
Hi Tech Electronic Toothbrush
സൗജന്യമായി ലഭിക്കുന്നു
35 + 11 = ~~46~~
now 11/- only
CHAKOLAS TOOTHPASTE
"ഇനി എങ്ങും ചാക്കോളാസ് പുഞ്ചിരി മാത്രം"

■ ആദിവർമ്മ

# യൂത്ത് ഒളിമ്പിക്സ്: പ്രണോയ് താരം

യൂത്ത് ഒളിംപിക്സിലും മലയാളിക്കിലുക്കം. ബാഡ്മിന്റണിൽ കേരളതാരം എച്ച് എസ് പ്രണോയിയുടെ വകയാണ് കേരളം കായികലോകത്ത് ഇപ്പോൾ ആഗോള ശ്രദ്ധ നേടിയിരിക്കുന്നത്. ഇന്ത്യൻ ബാഡ്മിന്റൺ റാണി സൈന നേവാളിനൊപ്പം കോർട്ടിലിറങ്ങി പരിചയമുള്ള പ്രണോയിക്കു കിരിടം നഷ്ടപ്പെട്ടത് ഭാഗ്യക്കേട് ഒന്നു കൊണ്ടു മാത്രം. സെമിഫൈനലിൽ പ്രണോയ് കൊറിയയുടെ കാംഗ് ജീവൂക്കിനെ ഒന്നിനെതിരെ രണ്ടു സെറ്റുകൾക്ക് അട്ടിമറിച്ചായിരുന്നു വിജയം. എന്നാൽ ഫൈനലിൽ കാലിടറി. തായ്ലൻഡിന്റെ പിസിതിനായിരുന്നു കലാശക്കളിയിൽ വിജയം. തിരുവനന്തപുരം സ്വദേശിയായ പ്രണോയിക്ക് ഒൻജിസിയുടെ സ്പോൺസർഷിപ്പും ലഭിച്ചതോടെ, വിജയത്തിന് ഇരട്ടിമധുരമായി.


പ്രണോയിക്കു പുറമേ, ഇന്ത്യൻ താരം വികാസ് കൃഷ്ണന് പുരുഷന്മാരുടെ 60 കിലോ വിഭാഗം ബോക്സിംഗിൽ വെങ്കലം ലഭിച്ചു. മെക്സിക്കോയുടെ ഡാനിയൽ എച്ചെവെറിയയെ തോൽപ്പിച്ചാണ് വികാസ് വെങ്കലം നേടിയത്. 15–3 എന്ന സ്കോറിൽ വികാസ് ലീഡ് ചെയ്യുമ്പോൾ ഫൗൾ കാണിച്ച എച്ചെവെറിയയെ റഫറി പുറത്താക്കിയതോടെയാണ് വെങ്കലം ഇന്ത്യയ്ക്ക് ലഭിച്ചത്. 400 മീറ്റർ ഹർഡിൽസിൽ ഇന്ത്യയുടെ ദുർഗേഷ് കുമാർ പാൽ വെള്ളി മെഡൽ നേടി. 50.81 സെക്കൻഡിൽ ഫിനിഷ് ചെയ്താണ് ദുർഗേഷ് രണ്ടാമതെത്തിയത്. 50.69 സെക്കൻഡിൽ ഫിനിഷ് ചെയ്ത് ക്യൂബയുടെ സോട്ടോമെയർ ലാറ നെർഗെ സ്വർണം നേടി. 10 മീറ്റർ എയർപിസ്റ്റൾ വിഭാഗത്തിന്റെ ഫൈനൽ റൗണ്ടിൽ രുചി സിംഗിന് ആറാമതെത്താനേ കഴിഞ്ഞുള്ളൂ.

ഉത്തർപ്രദേശുകാരനായ ദുർഗേഷ് കുമാർ പാലിന്റെ വെള്ളി നേട്ടത്തിൽ മലയാളിക്കും അഭിമാനിക്കാം. ദുർഗേഷിന്റെ കോച്ച് മലയാളിയായ അജിമോൻ കെ.എസ് ആണ്. 2005 മുതൽ പൂനെ ആർമി സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ടിലാണ് ദുർഗേഷ് പരിശീലനം നടത്തുന്നത്. കോട്ടയം പൂഞ്ഞാർ സ്വദേശിയാണ് അജിമോൻ.











# ആനന്ദ് ഇന്ത്യക്കാരനോ? സംശയം ഇന്ത്യൻ സർക്കാരിന്

ഇതൊക്കെ കേട്ടു ചിരിക്കാതെ എന്തു ചെയ്യും. ലോകചെസ് കീരിടം നെറുകയിലേന്തിയിട്ടും വിശ്വനാഥൻ ആനന്ദ് ഇന്ത്യക്കാരൻ തന്നെയാണോയെന്നു ഇന്ത്യൻ സർക്കാരിനു സംശയം. കേന്ദ്ര മാനവവിഭവശേഷിമന്ത്രാലയമാണ് ആനന്ദിന്റെ പൗരത്വത്തിൽ സംശയമുന്നയിച്ചത്. ഹൈദരാബാദ് സർവകലാശാലയുടെ ഓണററി ഡോക്ടറേറ്റ് നൽകാൻ തീരുമാനിച്ചതോടെയാണു സംഭവം വിവാദമായത്. ഇതോടെ ഡോക്റ്ററേറ്റും വേണ്ട മണ്ണാങ്കട്ടയും വേണ്ടെന്ന നിലപാടു ലോക ചെസ് ചാമ്പ്യൻ വിശ്വനാഥൻ ആനന്ദും സ്വീകരിച്ചു. വിവാദം മൂർച്ഛിച്ചതോടെ, മാനവവിഭവശേഷി മന്ത്രി കപിൽ സിബൽ ആനന്ദിനെ ടെലിഫോണിൽ വിളിച്ച് നേരിട്ടു മാപ്പുപറഞ്ഞു. ആനന്ദ് സ്പെയിനിൽ താമസിക്കുന്നതാണ് പ്രശ്നം, അദ്ദേഹത്തിനു നാട്ടിൽ താമസിച്ചിരുന്നെങ്കിൽ പ്രശ്നമുണ്ടാകുമായിരുന്നില്ലെന്നാണ് മാനവശേഷി മന്ത്രാലയത്തിലെ ബ്യൂറോക്രാറ്റുകളുടെ അഭിപ്രായം. എങ്കിൽ ആനന്ദ് ഒരിക്കലും ലോകത്തിന്റെ നെറുകയിലെത്തുമായിരുന്നില്ലെന്ന് ഇന്ത്യൻ കായികമന്ത്രാലയത്തിലെ ഉന്നതർ രഹസ്യമായി പറയുന്നു.

ഹൈദരാബാദ് സർവകലാശാലയിൽ നടക്കുന്ന അന്താരാഷ്ട്ര ഗണിതശാസ്ത്രകോൺഗ്രസ്സിനിടെ ഹാർവാഡ് സർവകലാശാലയിലെ ഗണിതശാസ്ത്രജ്ഞൻ ഡേവിഡ് മംഫോഡിനും ആനന്ദിനും ഓണററി ഡോക്ടറേറ്റ് നൽകാനായിരുന്നു തീരുമാനം. എന്നാൽ ആനന്ദിന്റെ പൗരത്വവും ദേശീയതയും സംബന്ധിച്ച് മാനവശേഷി മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ സംശയം പ്രകടിപ്പിച്ചതോടെ ഇത് പ്രതിസന്ധിയിലായി. ഇപ്പോൾ സ്പെയിനിൽ താമസിക്കുന്ന ആനന്ദിന് ഇന്ത്യൻ പൗരത്വമുണ്ടോ എന്നാണ് മന്ത്രാലയം സംശയം പ്രകടിപ്പിച്ചത്.



ഈ ജൂലായിലാണ് ആനന്ദിന്റെ ദേശീയത സംബന്ധിച്ച് മാനവശേഷിമന്ത്രാലയം സംശയമുന്നയിച്ചത്. ഇതു സംബന്ധിച്ച് ഒട്ടേറെ തെളിവുകൾ നൽകിയെങ്കിലും ആനന്ദിന് ഡോക്ടറേറ്റ് നല്കുന്നതുമായി ബന്ധപ്പെട്ട ഫയലിന് മന്ത്രാലയം ഇതുവരെ അനുമതി നൽകിയിട്ടില്ലെന്ന് അന്താരാഷ്ട്ര ഗണിതശാസ്ത്ര കോൺഗ്രസ് സെക്രട്ടറിയും ഹൈദരാബാദ് സർവകലാശാലാ ഗണിതശാസ്ത്രവിഭാഗം മേധാവിയുമായ രജത് ടാൻഡൻ പറഞ്ഞു. എന്നാൽ ആനന്ദിന്റെ ഫയലിന് മെയ് 22 നുതന്നെ താൻ അനുമതി നൽകിയതാണെന്ന് സിബൽ പത്രസമ്മേളനത്തിൽ പറഞ്ഞു. നടപടിക്രമങ്ങളിൽ വന്ന പാളിച്ചയാണ് പ്രശ്നങ്ങൾക്കിടയാക്കിയത്. ഉടൻതന്നെ അത് തിരുത്താൻ നടപടിയെടുത്തു സിബൽ പറഞ്ഞു.

ആനന്ദിന്റെ പൗരത്വവിവാദത്തിൽ നിരാശയില്ലെന്നും അസ്വസ്ഥതയാണുള്ളതെന്നും ഭാര്യ അരുണ പറഞ്ഞു. ആനന്ദിന് ഇപ്പോഴും ഇന്ത്യൻ പാസ്പോർട്ട് ഉണ്ടെന്നും അദ്ദേഹം ചെസ് കളിക്കുമ്പോൾ പിന്നിൽ പാറുന്നത് ഇന്ത്യൻ പതാകയാണെന്നും അരുണ ചൂണ്ടിക്കാട്ടി. ഇത്തരം വ്യക്തമായ കാര്യങ്ങൾ വീണ്ടും പറയേണ്ടി വരുന്നത് അസ്വസ്ഥതയുണ്ടാക്കുന്നു. കാര്യങ്ങൾ വ്യക്തമായിട്ടും പ്രശ്നമുണ്ടാക്കിയത് എന്തുകൊണ്ടെന്നറിയില്ല-അവർ പറഞ്ഞു. ഒളിമ്പിക് സ്വർണമെഡൽ ജേതാവ് അഭിനവ് ബിന്ദ്രയും സംഭവത്തിൽ നിരാശ പങ്കുവെച്ചു. എന്തായാലും, ആനന്ദിന്റെ ഇന്ത്യൻ പൗരത്വം സംഭവിച്ചുണ്ടായ പ്രശ്നങ്ങൾ ലോകകായിക വേദിയിൽ തന്നെ നിരവധി ചർച്ചകൾക്കു തുടക്കും കുറിച്ചിട്ടുണ്ട്. റഷ്യക്കാരി മരിയ ഷറപ്പോവ ഉൾപ്പെടെയുള്ളവർ താമസിക്കുന്നത് അമേരിക്കയിലാണെന്നിരിക്കേ അവർക്കൊന്നുമില്ലാതിരുന്ന പ്രശ്നം ഇപ്പോൾ ആനന്ദിനു മേൽ ഇന്ത്യൻ സർക്കാർ ഉന്നയിച്ചതാണ് സംശയിക്കേണ്ടിയിരിക്കുന്നത്.



## വിവാദങ്ങൾക്ക് വിട; ഒടുവിൽ അവർ പിരിഞ്ഞു

വിവാദങ്ങൾക്കൊടുവിൽ ഗോൾഫ് താരം ടൈഗർവുഡ്സും സ്വീഡിഷ് മോഡൽ എലിൻ നോർഡഗ്രനും തമ്മിലുള്ള വിവാഹബന്ധം വേർപിരിഞ്ഞു. വുഡ്സിന്റെ വഴിവിട്ട ബന്ധങ്ങളും ഭാര്യയുമായുള്ള കലഹങ്ങളും വലിയ വാർത്തയായിരുന്നു. കഴിഞ്ഞ നവംബറിൽ വുഡ്സ് ഓടിച്ച കാർ ഓർലന്റഡോയിലെ തന്റെ വസതിക്കരികെ അപകടത്തിൽപ്പെട്ടപ്പോൾ മുതലാണ് ഇരുവരും തമ്മിലുള്ള ഉടക്ക് പുറംലോകം അറിഞ്ഞത്. അന്ന് ഭാര്യയുമായി വഴക്കിട്ടാണ് വുഡ്സ് കാറും എടുത്ത് പുറത്തേക്ക് പാഞ്ഞത്. ഇതിനെത്തുടർന്ന് അപവാദങ്ങളുടെ നീണ്ട നിര തന്നെയുണ്ടായി. വുഡ്സുമായി ബന്ധമുണ്ടെന്ന് അവകാശപ്പെട്ട് കൂടുതൽ സ്ത്രീകൾ രംഗത്തെത്തിയതോടെ വിവാദം കത്തിക്കയറി.

ഇതോടെ വുഡ്സിന്റെ കരിയറിലും നിഴൽ വീണു. ഫോമൗട്ടായ വുഡ്സ് കഴിഞ്ഞമാസം നടന്ന സിരീസിലാണ് പിന്നീട് കളിക്കളത്തിൽ തിരിച്ചെത്തിയത്. ലോകത്തിലെ ഏറ്റവും കൂടുതൽ പരസ്യവരുമാനം ലഭിച്ചിരുന്ന കായികതാരത്തിന്റെ മാർക്കറ്റും ഇടിഞ്ഞു. പനാമ സിറ്റിയിലെ ഒരു കോടതിയിൽ വച്ചാണ് ഇരുവരും ആറുവർഷം നീണ്ട ബന്ധത്തിന് വിരാമമിട്ടത്. വിവാഹമോചന കരാർ പുറത്തുവിട്ടിട്ടില്ലെങ്കിലും 500 മില്യൺ ഡോളറിനടുത്ത് നഷ്ടപരിഹാരം ടൈഗർവുഡ്സ് നൽകിയെന്നാണ് റിപ്പോർട്ടുകൾ.


CHAKOLA'S
HAIR ON
CHAKOLA'S
Chakolas Hairon
“നിങ്ങളുടെ മുടിയുടെ അഴകിനും
ആരോഗ്യത്തിനും”
35 അത്യമൂല്യമായ ചേരുവകൾ ചേർത്ത്
മൂന്നാവർത്തി കാച്ചിക്കുറുക്കിയ Chakolas Hairon
കുളിക്കുന്നതിനു മുമ്പ് മൂന്ന് മിനിട്ട് മസ്സാജ് ചെയ്താൽ
താരനുണ്ടാവില്ല ഗ്യാരണ്ടി, മുടികൊഴിച്ചിൽ കുറയും. ഉറപ്പ്
Dandruff Free Hair Guaranteed. Massage 3 minutes before bath

# ഷാർജയിൽ ര t ു കോടി ദിർഹം ചെലവിൽ പുതിയ മത്സ്യ–പച്ചക്കറി മാർക്കറ്റ് നിർമിക്കുന്നു

ഷാർജ: നഗരത്തിൽ ആധുനിക സൗകര്യങ്ങളോടെ വൻകിട മത്സ്യ–പച്ചക്കറി മാർക്കറ്റ് നിർമിക്കുന്നു. രണ്ടു കോടി ദിർഹം ചെലവു പ്രതീക്ഷിക്കുന്ന മാർക്കറ്റിന് നഗരസഭ പദ്ധതി തയ്യാറാക്കി. അൽ ജുബൈലിൽ നിലവിലുള്ള മാർക്കറ്റിന്റെ എതിർ വശത്തായാണ് പുതിയ മാർക്കറ്റും നിലവിൽ വരുക. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഫിഷ് മാർക്കറ്റിൽ അനുഭവപ്പെടുന്ന തിരിക്കും അസൗകര്യങ്ങളും പരിഗണിച്ചാണ് വിപുലമായ സൗകര്യങ്ങളോടെ പുതിയ മാർക്കറ്റിന് പദ്ധതി തയ്യാറാക്കിയതെന്ന് നഗരസഭ ഡയറക്ടർ ജനറൽ എഞ്ചിനീയർ സുൽത്താൻ അബ്ദുല്ല അൽ മുഅല്ല പറഞ്ഞു. മത്സ്യം, മാംസം, പഴം–പച്ചക്കറി എന്നീ വിഭാഗങ്ങൾക്കായി മൂന്നു മാർക്കറ്റുകളാണ് ഇവിടെ നിലവിൽ വരുക. സാധനങ്ങൾ വാങ്ങുന്നതിന് വേറെ വേറെ സ്ഥലങ്ങളിൽ കറങ്ങുന്നതു ഒഴിവാക്കുന്നതിനൊപ്പം മാർക്കറ്റ് ഒരു സ്ഥലത്തു കേന്ദ്രീകരിക്കാൻ കഴിയുന്നത് വാഹനങ്ങളിൽ വരുന്നവർക്കുൾപ്പെടെ സൗകര്യം സൃഷ്ടിക്കുന്നു.

ഇസ്ലാമിക പൈതൃക രീതിയിൽ രൂപകൽപന ചെയ്യുന്ന കെട്ടിടങ്ങളായിരിക്കും മാർക്കറ്റിനായി നിർമിക്കുക. അടുത്ത വർഷത്തോടെ മാർക്കറ്റിന്റെ നിർമാണ ജോലികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് സുൽത്താൻ അബ്ദുല്ല പറഞ്ഞു. ജനങ്ങൾക്കു കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെകൂടി ഭാഗമായാണ് പുതിയ മാർക്കറ്റ് തയ്യാറാക്കുന്നത്. 354,297 ചതുരശ്ര അടി വിസ്തീർണമാണ് മാർക്കറ്റിനുണ്ടാകുക. മെസനൈൻ ഫ്ളോറിൽ 436 സ്റ്റോറുകളുണ്ടാകും. 83 വീതം ഷോപ്പുകൾ മാംസ ഇനങ്ങൾക്കും മത്സ്യത്തിനുമായി ഉണ്ടാകും. പഴം–പച്ചക്കറി ഉത്പന്നങ്ങൾക്കായി 270 ഷോപ്പുകളാണുണ്ടാകുക.

മാർക്കറ്റിനോടു ചേർന്ന് തൊഴിലാളികൾക്കു വിശ്രമിക്കാനുള്ള വിപുലമായ സൗകര്യവുമുണ്ടാകും. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ചാപ്പലുകളാണ് നിർമിക്കുക. ഭരണ വിഭാഗം ഓഫീസുകൾ, സർവീസ് റൂമുകൾ, വിപുലമായ കാർ പാർക്കിംഗ് എന്നിവയും മാർക്കറ്റിന്റെ ഭാഗമായിരിക്കും.





# അബുദാബി–ബദാ സായിദ് റൂട്ടിൽ പുതിയ ബസ് സർവീസ് ആരംഭിക്കുന്നു

അബുദാബി: നഗരത്തിൽ നിന്നും പടിഞ്ഞാറൻ മേഖലയിലെ മദീനത്ത് സിയിദിലേക്ക് (ബദാ സായിദ്) പുതിയ ബസ് സർവീസ് തുടങ്ങുമെന്ന് ഡിപ്പാർട്ട്മെന്റ് ഓഫ് ട്രാൻസ്പോർട്ട് (ഡോട്ട്) അറിയിച്ചു. പടിഞ്ഞാറൻ മേഖലയിലേക്കുള്ള ബസ് സർവീസുകൾ വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് മദീന സായിദിലേക്ക് പുതിയ സർവീസുകൾ ആരംഭിക്കുന്നത്. പടിഞ്ഞാറൻ മേഖലയിലേക്കുള്ള സർവീസുകൾ 680ൽനിന്ന് 750 ആക്കി ഉയർത്തും. പടിഞ്ഞാറൻ മേഖലയിലേക്ക് 30 ബസ് സർവീസുകളാണ് ഡോട്ട് നടത്തുന്നത്.

പടിഞ്ഞാറൻ മേഖലാ പ്രദേശങ്ങളായ ലിവ (മൂന്നു സർവീസ്), മദീന സായിദ് (ഏഴ്), റുവൈസ് (നാല്), ഗയാത്തി (മൂന്ന്), താരിഫ് (രണ്ട്) അൽ സിലീ (രണ്ട്) ഡൽമ ദ്വീപ് (രണ്ട്) എന്നിവിടങ്ങളിലേക്കാണ് സർവീസ് നടത്തി വരുന്നത്. അബുദാബി നഗരത്തിൽ നിന്നു ലിവ, മദീന സായിദ്, റുവൈസ് ബന്ധിപ്പിച്ചാണ് സർവീസുകൾ. ഏകദേശം 100 കിലോമീറ്റർ ദൂരമാണ് പടിഞ്ഞാറൻ മേഖലാ പ്രദേശങ്ങൾ തമ്മിലുള്ളത്. ഈ ഭാഗങ്ങളിലെ ജനസംഖ്യ 1,30,000 ആണെന്നു കണക്കാക്കുന്നു. ഇത്രയും പേർക്ക് നഗരവുമായി ബന്ധപ്പെടുന്നതിനുള്ള യാത്രാ മാർഗമൊരുക്കുകയെന്ന വെല്ലുവിളിയാണ് ഡോട്ട് ഏറ്റെടുത്തിരിക്കുന്നതെന്ന് അധികൃതർ വ്യക്തമാക്കി.

ബദാസായിദിലേക്കുള്ള പുതിയ സർവീസ് അഡ്നോക് ഫോഡ്, ക്യാമൽ ഫാം എന്നിവ വഴിയാണ് യാത്ര ചെയ്യുക. എമിറേറ്റിന്റെ എല്ലാ ഭാഗങ്ങളിലേക്കും യാത്രാ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായാണ് പുതിയ റൂട്ടുകളിൽ സർവീസ് ആരംഭിക്കുന്നതെന്ന് ഡോട്ട് അറിയിച്ചു. 661, 662, 663, 664, 665 നമ്പർ റൂട്ടിൽ നാലു ബസുകൾ വീതം 30 മിനിറ്റ് ഇടവേളകളിൽ സർവീസ് നടത്തും. റമസാനിൽ രാവിലെ 6.45നു തുടങ്ങി രാത്രി 9.15 വരെയും റമസാനു ശേഷം രാവിലെ 6.45നു തുടങ്ങി വൈകുന്നേരം 5.45 വരെയും രാത്രി 8.15 മുതൽ പുലർച്ചെ 1.15 വരെയുമാണ് സർവീസുകൾ.





# ദുബൈ ബസുകൾക്ക് ഷാർജയിൽ പുതിയ സ്റ്റേഷനുകൾ


ഷാർജ: നഗരത്തിൽനിന്നും ദുബൈയിലേക്കു ബസുകൾ പുറപ്പെടുന്ന കൂടുതൽ സ്റ്റേഷനുകൾ ആരംഭിക്കുമെന്ന് അധികൃതർ വ്യക്തമാക്കി. ഇപ്പോൾ ഫിഷ് മാർക്കറ്റിനു സമീപത്തുള്ള ബസ് സ്റ്റേഷനിൽനിന്നു മാത്രമാണ് ബസുകൾ പുറപ്പെടുന്നത്. യാത്രക്കാർ വർധിക്കുകയും ബസുകളിൽ തിരക്കേറുകയും ചെയ്ത സാഹചര്യം പരിഗണിച്ചാണ് സ്റ്റേഷനുകൾ വർധിപ്പിക്കുന്നത്.

ബസ് സ്റ്റേഷനുകളെക്കുറിച്ച് പഠനം നടത്തി വരികയാണെന്നും നഗരസഭയുമായി സഹകരിച്ച് അധികം വൈകാതെ തന്നെ ഏറ്റവും അനുയോജ്യമായ സ്ഥലങ്ങളിൽ സ്റ്റേഷൻ നിർമിക്കുമെന്നും ഷാർജ ട്രാൻസ്പോർട്ട് കോർപറേഷൻ കോർപറേറ്റ് കമ്യൂണിക്കേഷൻ മേധാവി സഊദ് അൽ ബുറൈമി പറഞ്ഞു. വളരെ അടുത്ത ഭാവിയിൽ തന്നെ സ്റ്റേഷനുകൾ ആരംഭിക്കാനാണ് ശ്രമം. ദുബൈയിലേക്കുള്ള ബസുകളിൽ കയറുന്നതിന് കൂടുതൽ സൗകര്യം ഒരുക്കുന്നതിന് യാത്രക്കാരിൽനിന്നും പലതവണ ആവശ്യം ഉയർന്നിരുന്നു.

നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഫിഷ് മാർക്കറ്റ് ബസ് സ്റ്റേഷനിലെത്താൻ യാത്രക്കാർക്ക് അധികം പണം ചെലവിണ്ടേടി വരുന്നുണ്ട്. സിറ്റി ബസുകൾ എപ്പോഴും ലഭ്യമല്ലാത്തതിനാൽ ടാക്സികളെ ആശ്രയിക്കേണ്ടി വരുന്നു. ഷാർജയിൽനിന്ന് ദുബൈയിലേക്ക് അഞ്ചു ദിർഹമാണ് യാത്രാ നിരക്ക്. എന്നാൽ ടാക്സിക്ക് പത്തും പതിനഞ്ചും ദിർഹം നൽകേണ്ടി വരുന്നു.

അതിനിടെ നഗരത്തിൽ ബസ് സർവീസുകൾ വർധിപ്പിക്കുമെന്ന് കോർപറേഷൻ മേധാവികൾ അറിയിച്ചു. ടാക്സി സർവീസും വർധിപ്പിക്കും. 800 ടാക്സികളാണ് പുതുതായി നിരത്തിലിറക്കുക. പൊതുഗതാഗതം കൂടുതൽ കാര്യക്ഷമമാകുന്നതിന്റെ ഭാഗമായി ജൂൺ മുതൽ ഇലക്ട്രോണിക് പേയ്മെന്റ് കാർഡ് പുറത്തിറക്കിയിരുന്നു. നഗരത്തിലെ യാത്രക്ക് നിരക്ക് നാലിൽ നിന്ന് അഞ്ചായി ഉയർത്തുകയും ചെയ്തു.




A touch of silk.
A scent of the romance.
Enchanteur®
and & Body Lotion
with MoistureSilk
Get optimum moisturisation for soft, silky skin with the enriching blend of Aloe Vera and Olive Butter.
ENCHANTEUR Hand & Body Lotion with MoistureSilk is delicately perfumed, leaving your skin with lingering scent and feeling irresistibly smooth.
Enchanteur®
The fragrance of French romance
www.wcclg.com

# ദുബൈ കെ.എം.സി.സി സ്വാതന്ത്ര്യദിനം സമുചിതമായി ആഘോഷിച്ചു



ദുബൈ: ഭാരതത്തിന്റെ അറുപത്തിനാലാം സ്വാതന്ത്ര്യദിനാഘോഷം ദുബൈ കെ.എം.സി.സി സമുചിതമായി ആഘോഷിച്ചു. ഇന്ത്യൻ കോൺസുലർ സേവ്യർ ഫ്രാൻസിസ് കാക ഉദ്ഘാടകനായിരുന്നു. മൺമറഞ്ഞ നേതാക്കളുടെ സ്മരണ ഉണർത്തിയ ചിന്തകൾ ഓരോ ഭാരതീയന്റെയും അഭിമാന നിമിഷമായി. സാധാരണക്കാരന്റെയും, പാവപ്പെട്ട സമൂഹത്തിന്റെയും ഉന്നമനത്തിന് വേണ്ടിയുള്ള കെ.എം.സി.സി യുടെ പ്രവർത്തനത്തിന് എല്ലാ പിന്തുണയും കോൺസുലർ വാഗ്ദാനം ചെയ്തു. ആഘോഷത്തോടനുബന്ധിച്ച് നടത്തിയ ക്വിസ്, പ്രബന്ധ രചന, നിമിഷ പ്രസംഗം മത്സര വിജയികളായ നാസർ കുറുമ്പത്തൂർ, ബഷീർ പെരിങ്ങോം, അബ്ദുല്ലക്കുട്ടി ചേറ്റുവ, മുസ്തഫ എം.കെ.പി എന്നിവർക്കുള്ള സമ്മാനങ്ങളും അദ്ദേഹം വിതരണം ചെയ്തു. ഇബ്റാഹിം എളേറ്റിൽ അധ്യക്ഷനായിരുന്നു. ജലീൽ പട്ടാമ്പി, നാസർ ബേപ്പൂർ, ഹുസൈനാർ ഹാജി, കെ.എ ജബ്ബാരി, എൻ.എ കരീം, ഒ.കെ ഇബ്റാഹിം എന്നിവർ സംസാരിച്ചു.




## പ്രകാശനം നടന്നു

ദുബൈ: സലഫി ടൈംസ് റമസാൻ സ്പെഷൻ ഓൺലൈൻ എഡിഷൻ പ്രകാശനം നടന്നു. സലഫി ടൈംസ് സിൽവർ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് കേരള റീഡേർസ് & റൈറ്റേഴ്സ് സർക്കിൾ (വായനക്കൂട്ടം) 'ലോക വായനാ വർഷം' ആചരിക്കുന്നതിന്റെ ഭാഗമായി 'സലഫി ടൈംസ്' റമസാൻ സ്പെഷൽ ഓൺലൈൻ എഡിഷൻ പൊളിറ്റിക്കൽ കുട്ടി എന്നറിയപ്പെടുന്ന എ.കെ. ഹാജി ദുബൈ ഖിസൈസിൽ വെച്ച് നടന്ന ചടങ്ങിൽ പ്രകാശനം നിർവ്വഹിച്ചു.

25 വർഷത്തോളം മുടങ്ങാതെ വായനക്കാരിൽ സൗജന്യ അറിവിന്റെ നിധിയായി സലഫി ടൈംസ് എന്ന മിനിപത്രത്തിന് വ്യാപകമായ സ്വീകാര്യതയുണ്ടെന്നും, ഓൺലൈൻ പതിപ്പ് വഴി ലോകത്തുള്ള എല്ലാ മലയാളികൾക്കും വിജ്ഞാനശകലം നുകരാൻ കഴിയുമെന്നും പൊളിറ്റിക്കൽ കുട്ടി പറഞ്ഞു.

ആദ്യകാല പ്രവാസിയും ബ്രിട്ടീഷ് പൊളിറ്റിക്കൽ ഏജൻസിയിലൂടെ യു.എ.ഇ യുടെ വളർച്ചയിൽ മുഖ്യ പങ്ക് വഹിച്ച പൊളിറ്റിക്കൽ കുട്ടി തന്റെ അറബ് നാട്ടിലെ സൗഹൃദം പുതുക്കുവാനായി യു.എ.ഇ യിൽ സന്ദർശനത്തിന് എത്തിയതായിരുന്നു.

ഒ.എസ്.എ റഷീദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ അഖിലേന്ത്യാ സ്ത്രീധന-വിരുദ്ധ മുന്നേറ്റം പ്രസിഡന്റ് കെ.എ ജബ്ബാരി, ഇ-പത്രം ഓൺലൈൻ ചീഫ് എഡിറ്റർ ജിഷി സാമുവൽ തുടങ്ങിയവർ ആശംസകൾ നേർന്നു.

# വീക്ഷണം ഫോറം നോമ്പുതുറ

അജ്മാൻ: ഇന്ദിരാ ഗാന്ധി വീക്ഷണം ഫോറം അജ്മാൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സമൂഹ നോമ്പുതുറ സംഘടിപ്പിച്ചു. അജ്മാൻ തന്തൂരി ഹട്ട് റസ്റ്റാറന്റ് ഹാളിൽ വെച്ച് നടന്ന നോമ്പുതുറ യൂണിറ്റ് ആക്ടിംഗ് പ്രസിഡന്റ് ടി.ഒ മാത്യൂസ്, ജനറൽ സെക്രട്ടറി പി.ആർ ഉണ്ണികൃഷ്ണൻ, ട്രഷറർ തോമസ് ജോർജ്ജ്, വനിതാ വിഭാഗം ജനറൽ സെക്രട്ടറി ഷമ്മി സിദ്ധീഖ്, ട്രഷർ ലിംല സുരേഷ്, സെക്രട്ടറി വിജു പ്രേമൻ, ഇക്ബാൽ ഇടക്കഴിയൂർ, നസീർ ബി.യു തുടങ്ങിയവർ നേതൃത്വം നൽകി.

ഇന്ദിരാഗാന്ധി വീക്ഷണം ഫോറം കേന്ദ്ര കമ്മിറ്റി പ്രസിഡന്റ് ഗഫൂർ തളിക്കുളം, കേരള ഘടകം ചെയർമാൻ ആർ.വി മുഹമ്മദ്കുട്ടി, ജനറൽ സെക്രട്ടറി മുഹമ്മദലി, വിവിധ യൂനിറ്റ് ഭാരവാഹികളായ കരീം കരുനാഗപ്പള്ളി, ഷുകൂർ ചാവക്കാട്, രത്നാകരൻ, ഇ.കെ നസീർ കൂടാതെ ഐ.എ.എസ് ആക്ടിംഗ് പ്രസിഡന്റ് എം.എച്ച് ബദറുദ്ദീൻ, ട്രഷറർ പി.പി ദിലീപ്, ഭരണസമിതി അംഗങ്ങളായ സഹദ് ബാറക്കാട്, സക്കീർ, എം.എം സുൽഫിക്കർ, രാധാകൃഷ്ണൻ, ചന്ദ്രൻപിള്ള, എൻ.എ ഹസ്സൻ, എൻ.യു ശിവരാമൻ, സംഘടനാ ഭാരവാഹികളായ കൊച്ചു കൃഷ്ണൻ, മാത്തൻ, വി.കെ ബേബി, ആർ.എ ബക്കർ തുടങ്ങിയ നിരവധി സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുത്തു.




[illegible]



[illegible]

# രിസാല ഖുർആൻ പതിപ്പ് പ്രകാശനം ചെയ്തു



അബുദാബി: പ്രവാസി രിസാല ഖുർആൻ പതിപ്പിന്റെ യു എ ഇ തല പ്രകാശന കർമം പ്രഭാഷണ വേദിയിൽ നടന്നു. ഇന്ത്യൻ ഇസ്ലാമിക് സെന്റർ ജന. സെക്രട്ടറി മൊയ്തു കടന്നപ്പള്ളി, പ്രൊഫ. ഷാജു ജമാലുദ്ദീനു നൽകിയാണ് പ്രകാശനം നിർവഹിച്ചത്. അശ്റഫ് മന്ന, ഹമീദ് ഈശ്വരമംഗലം, അശ്റഫ് പാലക്കോട്, അബ്ദുൽ ബാരി സംബന്ധിച്ചു.

ഖുർആൻ പതിപ്പിനെ ആസ്പദമാക്കി പ്രശ്നോത്തരി സംഘടിപ്പിക്കുന്നുണ്ട്. രിസാലയിലുള്ള പ്രശ്നോത്തരി പേജ് പൂരിപ്പിച്ച് സോൺ കേന്ദ്രങ്ങളിൽ സ്ഥാപിച്ച ബോക്സിൽ നിക്ഷേപിക്കണം. ആർ എസ് സി പ്രവർത്തകർ നേരിട്ടും ഉത്തരക്കടലാസുകൾ സ്വീകരിക്കും. ശരിയുത്തരമെഴുതുന്നവരിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് നാഷണൽ, സോൺ തലത്തിൽ സമ്മാനങ്ങൾ നൽകും. വിവരങ്ങൾക്ക് 1199786.


കൈരളി ഫാമിലി റെസ്റ്റോറന്റ്
Kairali
SIMPLY KERALA
Buy a thali & get a beverage for
Dhs 30 Only
Dinner 1900Hrs till 0100Hrs
For reservations Call:
050 6409456, 050 6506146, 050 5535647
Ramee Royal Hotel
Near Al Maktoum Bridge
before Petrol Station
Bur Dubai, Dubai
Tel: 04 3344088
Fax: 04 3344077
Email: rameeryl@rameehotels.com
URL: www.rameehotels.com
Ramee Cruise
For reservations please contact: 050 6400975
Valet Parking & 2 level basement parking available at the rear of the hotel

# ശൈഖ് സായിദ് മസ്ജിദ് തപാൽ സ്റ്റാമ്പിൽ




അബുദാബി: ശൈഖ് സായിദ് മസ്ജിദിന്റെ ശിൽപഭംഗിയും പ്രാധാന്യവും പ്രകടമാക്കുന്ന തപാൽ സ്റ്റാമ്പ് പുറത്തിറക്കി. ഒരു ദിർഹം, അഞ്ചു ദിർഹം വിലയിലുള്ള സ്റ്റാമ്പുകളാണ് പുറത്തിറക്കിയിരിക്കുന്നത്. ഫസ്റ്റ് ഡേ കവേഴ്സ് ഏഴു ദിർഹമിന്റെയും സുവനീർ ഷീറ്റ് 25 ദിർഹമിന്റേതുമാണ് പുറത്തിറക്കിയിരിക്കുന്നത്. അബുദാബിയിലെയും ദുബൈയിലെയും പ്രധാന പോസ്റ്റോഫീസുകളിൽനിന്നും സ്റ്റാമ്പുകൾ ലഭിക്കും.

ശൈഖ് സായിദ് ഗ്രാൻഡ് മസ്ജിദിനോടുള്ള ആദരസൂചകമായാണ് സ്റ്റാമ്പ് പുറത്തിറക്കുന്നതെന്ന് എമിറേറ്റ്സ് പോസ്റ്റ് വൃത്തങ്ങൾ പറഞ്ഞു. രാജ്യത്തിന്റെ ദേശീയ അടയാളമായി മാറിയ മസ്ജിദിന്റെ ചരിത്ര, പൈതൃക പ്രാധാന്യങ്ങൾ വിളംബരം ചെയ്യുന്നതിനും സ്റ്റാമ്പിലൂടെ ലക്ഷ്യം വെക്കുന്നു. ലോകത്തെ തന്നെ മനോഹരവും ശിൽപപ്രാധാന്യവുമുള്ള ശൈഖ് സായിദിന്റെ ശിൽപകല ലോകത്തിനു പരിചയപ്പെടുത്തുന്നതിനും സ്റ്റാമ്പുകൾ ഫലം ചെയ്യുമെന്ന് അധികതർ വ്യക്തമാക്കി.




40,960 വിശ്വാസികൾക്ക് ഒരു സമയം പ്രാർഥനയിൽ പങ്കെടുക്കാൻ സൗകര്യമുള്ള പള്ളിക്ക് ആകെ 22,412 ചതുരശ്ര മീറ്റർ വിസ്തീർണമാണുള്ളത്. അഞ്ചു ഫുട്ബോൾ പിച്ചുകൾക്കു സമാനമാണ് പള്ളിയുടെ വിസ്തീർണം. 3,000 തൊഴിലാളികൾക്കും 38 രാജ്യന്തര നിർമാണ കമ്പനികളും പങ്കെടുത്താണ് പള്ളിയുടെ നിർമാണം പൂർത്തിയാക്കിയത്.






അബുദാബി ശൈഖ് സായിദ് മസ്ജിദിൽ നടന്ന ഇഫ്താർ. പ്രതിദിനം ആയിരങ്ങളാണ് ഇവിടെ ഇഫ്താറിനു സംഗമിച്ചിരുന്നത്



# ഷാർജ ടാക്സികൾക്ക് റിസർവേഷൻ സൗകര്യം അടുത്ത വർഷം

ഷാർജ: യാത്രക്കാർക്ക് ടെലിഫോണിൽ വിളിച്ച് ടാക്സികൾ റിസർവ് ചെയ്യാവുന്ന സൗകര്യം നിലവിൽ വരുമെന്ന് ഷാർജ ട്രാൻസ്പോർട്ട് അതോറിറ്റി അറിയിച്ചു. അടുത്ത വർഷം ആദ്യത്തിൽ തന്നെ സൗകര്യം നലവിൽ വരും. ഹോട്ട്ലൈൻ നമ്പരിൽ വിളിച്ചാൽ ആവശ്യപ്പെടുന്ന സ്ഥലത്ത് വാഹനങ്ങൾ എത്തുന്ന രീതിയാണ് നിലവിൽ വരുക. ദുബൈയിൽ നേരത്തേ ഈ സൗകര്യം നിലവിലുണ്ട്.

ടാക്സികളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റവും (ജി പി എസ്), ജനറൽ പാക്കറ്റ് റേഡിയോ സർവീസും (ജി പി ആർ എസ്) അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 30 ദശലക്ഷം ദിർഹം ചെലവിട്ടാണ് അതോറിറ്റി സേവനങ്ങൾ നവീകരിക്കുന്നത്. ടെലിഫോണിലൂടെയുള്ള ബുക്കിംഗുകൾ സ്വീകരിക്കുന്നതിനും അവ വാഹനങ്ങളിലേക്ക് എത്തിക്കുന്നതിനുമായി സാങ്കേതിക സംവിധാനങ്ങൾ ടാക്സികളിൽ ഘടിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ഇതിനകം 700 വാഹനങ്ങളിൽ ഇവ ഘടിപ്പിച്ചു. എമിറേറ്റിൽ സർവീസ് നടത്തുന്ന 4,860 ടാക്സി വാഹനങ്ങളിലും ജി പി എസ്, ജി പി ആർ എസ് ഉപകരണങ്ങൾ ഘടിപ്പിക്കുന്നത് ഈ വർഷം അവസാനത്തോടെ പൂർത്തിയാകുമെന്ന് ഷാർജ ട്രാൻസ്പോർട്ട് ഡയറക്ടർ അബ്ദുല്ല അൽ സഅരി പറഞ്ഞു.

ജി പി ആർ എസ് സേവനം ഉപയോഗിച്ചാണ് ഹോട്ട്ലൈൻ റിസർവേഷൻ നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നത്. ബുക്കിംഗ് ലഭിക്കുന്നതനുസരിച്ച് ഓരോ പ്രദേശത്തുമുള്ള വാഹനങ്ങളിലേക്ക് ജി പി ആർ എസ് വഴി സന്ദേശം അയക്കും. അടുത്ത വർഷം ആദ്യപാദത്തിൽ തന്നെ റിസർവേഷന്റെ സംവിധാനത്തിന്റെ ആദ്യഘട്ടം പ്രവർത്തനമാരംഭിക്കും. ഇതോടെ യാത്രക്കാർക്ക് കോൾ സെന്ററിൽ വിളിച്ച് ടാക്സി ബുക്ക് ചെയ്യാനാകുമെന്ന് അബ്ദുല്ല സഅരി പറഞ്ഞു.

രണ്ടു ഷിഫ്റ്റുകളിലായി 16 മണിക്കൂറാണ് റിസർവേഷൻ സെന്ററുകൾ പ്രവർത്തിക്കുക. ഓരോ ഷിഫ്റ്റിലും പത്തുവീതം ജീവനക്കാരെയാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് രണ്ടാം ഘട്ടത്തിൽ കോൾ സെന്ററിന്റെ പ്രവർത്തനം 24 മണിക്കൂറാക്കി വർധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നതായി ട്രാൻസ്പോർട്ട് കോർപറേഷേൻ അറിയിച്ചു. ടാക്സി ബുക്കിംഗ് ലഭിക്കുന്നതോടെ യാത്രക്കാരൻ നിൽക്കുന്ന സ്ഥലത്തിന്റെ അടുത്തുള്ള ടാക്സിക്ക് സന്ദേശം കൈമാറും. ജി പി എസ് സംവിധാനം ഉപയോഗിച്ച് യാത്രക്കാരൻ നിൽക്കുന്ന സ്ഥലം കണ്ടെത്താൻ വളരെ വേഗം കഴിയും. കോൾ സെന്റർ സംവിധാനം വരുന്നതോടെ നഗരത്തിൽ ടാക്സികൾ ലഭിക്കുന്നതായി യാത്രക്കാർ ഏറെ നേരം റോഡിലിറങ്ങി കാത്തു നിൽക്കുന്നതു ഒഴിവാക്കാനാകുമെന്നും ബുക്ക് ചെയ്ത് മിനിറ്റുകൾക്കുള്ളിൽ വാഹനം എത്തുന്ന രീതിയിലാണ് പുതിയ സൗകര്യം നടപ്പിലാക്കുന്നതെന്നും അബ്ദുല്ല അൽ സഅരി പറഞ്ഞു.



# ഷാർജയിൽ വൻകിട വൈദ്യുതി പവർ പ്ലാന്റ് സ്ഥാപിക്കുന്നു

ഷാർജ: നഗരത്തിലെ വൈദ്യുതി പ്രതിസന്ധിക്കു പരിഹാരമാകുമെന്നു പ്രതീക്ഷിക്കുന്ന വൻകിട വൈദ്യുതി പവർ പ്ലാന്റിന് ഇലക്ട്രിസിറ്റി ആൻഡ് വാട്ടർ അതോറിറ്റി പദ്ധതി തയ്യാറാക്കി. നഗരത്തിലെ ജനപ്പെരുപ്പത്തിനും ഉപയോഗ വർധനവിനുമനുസരിച്ച് ഉത്പാദനവും ശേഷിയും വർധിപ്പിക്കുന്നതിനാണ് പുതിയ കേന്ദ്രം സ്ഥാപിക്കുന്നത്. ഏതാനും വർഷങ്ങളായി നഗരത്തിൽ വർധിച്ചു വന്ന വാണിജ്യ, വ്യവസായ സ്ഥാപനങ്ങളുടെ വർധനവിനനുസരിച്ച് ഉത്പാദന ശേഷി വർധിക്കാത്തതാണ് വൈദ്യുതി പ്രതിസന്ധിക്കു കാരണമായതെന്നാണ് അധികൃതരുടെ വിശദീകരണം.

ഈ വർഷം മാത്രം വെള്ളം, വൈദ്യുതി, പ്രകൃതി വാതക ഉപയോക്താക്കളിൽ എമിറേറ്റിൽ വൻ വർധനവാണുായതെന്ന് സേവ അധികൃതർ പറഞ്ഞു. 344,000 ഉപയോക്താക്കളാണ് എമിറേറ്റിൽ ഇപ്പോഴുള്ളത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 311,000 ആയിരുന്ന ഉപയോക്താക്കൾ. ഈ വർഷം ആദ്യ പാദത്തിൽ ഗാർഹിക ഉപയോക്താക്കളിൽ വൻ വർധനവാണുണ്ടായത്. കഴിഞ്ഞ വർഷം ആദ്യ പാദത്തിൽ 216,000 ഗാർഹിക ഉപഭോക്താക്കളാണുണ്ടായിരുന്നതെങ്കിൽ ഈ വർഷം അത് 243,000 ആയി ഉയർന്നു. വാണിജ്യ മേഖലയിൽ കഴിഞ്ഞ വർഷം 86,000 ഉപഭോക്താക്കളുണ്ടായിരുന്നത് ഈ വർഷം 91,000 ആയി ഉയർന്നു.

പൊതുമേഖലയിൽ 6312 ഉപയോക്താക്കളും മറ്റു മേഖലകളിലായി 3,165 ഉപയോക്താക്കളുമാണുള്ളത്.

ഉപയോഗം വർധിച്ചതനുസരിച്ച് എമിറേറ്റിലെ ഉത്പാദന കേന്ദ്രത്തിന്റെ പരിധിയേക്കാൾ കൂടുതൽ ഉത്പാദനമാണിപ്പോൾ നടക്കുന്നത്. പുതിയ പവർപ്ലാന്റ് ഭാവി ഉപയോഗം കൂടി കണക്കിലെടുത്താണ് നിർമിക്കുന്നതെന്നും വൈദ്യുതോത്പാദനത്തിനു കൂടുതൽ പദ്ധതി വരുന്നതോടെ പ്രതിസന്ധി പരിഹരിക്കപ്പെടുമെന്നും അധികൃതർ വ്യക്തമക്കി.



അ[illegible] എൻ ഐ എ[illegible] സി ക്രിക്കറ്റിൽ കപ്പ് നേടിയ ജി-7അൽ ഐൻ ടീം



ദുബൈ കെ. എം.സി.സി. തൃശ്ശൂർ ജില്ല കമ്മിറ്റി.

# 17 ഇന്ത്യക്കാരുടെ വധശിക്ഷ: വാദം കേൾക്കൽ 29ലേക്കു മാറ്റി

ഷാർജ: പാക്കിസ്ഥാൻ സ്വദേശി കൊല്ലപ്പെട്ട കേസിൽ 17 ഇന്ത്യക്കാർ വധശിക്ഷക്കു വിധിക്കപ്പെട്ട കേസിൽ വിചാരണ ഈ മാസം 29ലേക്കു മാറ്റി. ഇന്നലെ കേസ് പരിഗണിച്ച ഷാർജ അപ്പീൽ കോടതിയാണ് വിചാരണ നീട്ടി വെച്ചത്. കേസിൽ ഇന്നലെയാണ് ആദ്യമായി വാദം കെട്ടത്. പഞ്ചാബ് സ്വദേശികളായ പ്രതികളെ വിചാരണ ചെയ്യുന്നതിന് പഞ്ചാബ്, അറബി ഭാഷകൾ അറിയുന്ന വിവർത്തകനെ ലഭിക്കാത്തതിനെത്തുടർന്നാണ് വാദം കേൾക്കൽ പല തവണ നീട്ടി വെച്ചത്.

വധശിക്ഷ വിധിക്കും മുമ്പ് കോടതിയോ പബ്ലിക് പ്രോസിക്യൂഷനോ തങ്ങളെ ചോദ്യം ചെയ്യുകയോ വിശദീകരണം ആരായുകയോ ചെയ്തിട്ടില്ലെന്ന് പ്രതികൾക്കു വേണ്ടി അഭിഭാഷകൻ കോടതിയിൽ പറഞ്ഞു. പരിഭാഷകനെ നിയോഗിച്ച ശേഷം ഇന്നലെയാണ് കോടതി ആദ്യമായി വാദം കേട്ടത്. കൂടുതൽ വാദം കേൾക്കാൻ കേസ് 29ലേക്കു മാറ്റുകയായിരുന്നു. അസാധരണമെന്നു വിശേഷിപ്പിക്കപ്പെട്ട വിധി വന്ന ശേഷം ഇതാദ്യമായാണ് പ്രതികൾക്ക് തങ്ങളുടെ ഒരു വാദം കോടതിയെ ധരിപ്പിക്കാൻ കഴിഞ്ഞെതെന്ന് പ്രതികൾക്കു വേണ്ടി ഹാജരാകുന്ന മുഹമ്മദ് സൽമാൻ ആൻഡ് അഡ്വക്കറ്റ്സ് പ്രതിനിധികൾ പറഞ്ഞു. ഇന്ത്യൻ ഗവൺമെന്റാണ് കോൺസുലേറ്റ് മുഖേന സൽമാൻ അഡ്വക്കറ്റ്സിനെ നിയോഗിച്ചത്.

വിധി അസാധാരണവും സ്വാഭാവിക മനുഷ്യാവകാശങ്ങൾ ലംഘിക്കുന്നതാണെന്നും അറിയിച്ച് ആംനസ്റ്റി ഇന്റർനാഷണൽ ഉൾപ്പെടെയുള്ള മനുഷ്യാവകാശ സംഘടനകളും ഇന്ത്യയിലെ പ്രമുഖ അഭിഭാഷകരും രംഗത്തു വന്നിരുന്നു. പഞ്ചാബ് സർക്കാറും കേന്ദ്ര ഗവൺമെന്റും ഇടപെട്ട പ്രശ്നത്തിൽ ഇന്ത്യക്കാർക്ക് ശിക്ഷ ഇളവു ചെയ്തു കിട്ടുമെന്നാണ് പൊതുവേ പ്രതീക്ഷിക്കപ്പെടുന്നത്. വിധി വന്നപ്പോൾ തന്നെ പ്രതികൾക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണെന്ന് നീതിന്യായ മന്ത്രാലയം വ്യക്തമാക്കിയിരുന്നു.

കഴിഞ്ഞ വർഷം ജനുവരിയിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. അൽ സജ പ്രദേശത്ത് രണ്ടു സംഘങ്ങൾ തമ്മിലുണ്ടായ ഏറ്റുമുട്ടലിനെത്തുടർന്നാണ് കൊലപാതകം നടന്നതെന്നാണ് പോലീസ് റിപ്പോർട്ട്.

# എം എ യൂസുഫലി കുവൈത്ത് അമീറിനും കിരീടാവകാശിക്കും റമദാൻ ആശംസകൾ നേർന്നു

കുവൈത്ത് സിറ്റി: പ്രമുഖ വ്യവസായി എം എ യൂസുഫലി കുവൈത്ത് അമീർ ശൈഖ് സബ അൽ അഹ്മദ് അൽ ജാബർ അൽ സബയെ സന്ദർശിച്ച് റമസാൻ ആശംസകൾ നേർന്നു. കുവൈത്ത് സിറ്റിയിലെ ദിവാനിയയിൽ വെച്ചായിരുന്നു കൂടിക്കാഴ്ച.

രാജ്യത്ത് നിക്ഷേപമിറക്കാനും ജോലി ചെയ്യുവാനുമുള്ള സാഹചര്യം ഒരുക്കിത്തന്നതിലും തങ്ങൾക്കുള്ള നന്ദിയും കടപ്പാടും യൂസുഫലി കുവൈത്ത് ഭരണാധികാരിയെയും കിരീടാവകാശി ശൈഖ് നവാഫ് അൽ അഹ്മദ് അൽ ജാബർ അൽ സബയേയും അറിയിച്ചു. കുവൈത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി രാജ്യത്തെ ഭരണാധികാരികളുടെ ദീർഘവീക്ഷണത്തോടെയുള്ള നയങ്ങളെ അദ്ദേഹം പ്രകീർത്തിച്ചു. കൂടിക്കാഴ്ചയിൽ മറ്റു ശൈഖുമാരും നിരവധി ഉന്നത ഉദ്യോഗസ്ഥരും സംബന്ധിച്ചു.





പത്മശ്രീ എം എ യൂസുഫലി കുവൈത്ത് അമീർ ശൈഖ് സബ അൽ അഹ്മദ് അൽ ജാബർ അൽ സബയെ സന്ദർശിച്ച് റമസാൻ ആശംസകൾ കൈമാറുന്നു.





## *Ramadan Greetings*

Prominent businessman Yusuffali MA called on the Rulers of Ajman and UAQ at their palaces and extended Ramadan Greetings to them. Seen in the picture is Yusuffali MA with His Highness Shaikh Humaid bin Rashid Al Nuaimi, Ruler of Ajman and His Highness Shaikh Saud bin Rashid Al Mualla, Ruler of Umm Al Quwain.



അമ്മയുടെ
സ്പർശനം...
നുനുവിന്റെ
സംരക്ഷണം...!
Nunu®
Baby Care Products
നിങ്ങളുടെ
ഓമനത്തമുള്ള കുഞ്ഞിന്റെ
മനസ്സറിഞ്ഞ് നിർമ്മിച്ച...
വൈവിധ്യമാർന്ന ലോകോത്തര
ഉൽപന്നങ്ങൾ,
വിദേശ രാജ്യങ്ങളിൽ ഏറ്റവും
പ്രശസ്തിയാർജിച്ച...
ലോകോത്തര ബ്രാന്റ്
Nunu®
نونو
Baby Care Products
Nunu®
نونو
baby
powder
بودرة
100g
Nunu
Tel: +9662 6084444 Fax: +96626380043, P.O. Box: 10667, Jeddah 21443, Kingdom of Saudi Arabia
E-mail: info@nunu.com.sa, Website: www.nunu.com.sa



NIKAI®
LIFE:
100,000
HOURS
The new Nikai Maxlite Torches come with
CREE LED long-life bulbs that have an
estimated life of 100,000 hours.
Imagine 100,000 hours! That's a lot of light.
WITH CREE LED
NIKAI TORCHES
MADE IN USA
NIKAI
NIKAI
MAXLITE
RECHARGEABLE
TORCHES
EXPERIENCE
A NEW LEVEL
IN BRIGHTNESS
NIKAI®
Mr. Reliable
Nikai Customer Care (Toll Free): 800-NIKAI (800-64524)
Email: showroom@nikai.com, www.nikai.com